ST. GEORGE FORANE CHURCH, EDAPPALLY


# സഹദാ

PARISH BULLETIN

ഏപ്രിൽ-ജൂൺ 2021 Vol. 16, Issue 2



മുറിവേറ്റവനെ മുറിവുണക്കാനാവൂ


IELTS
AJINORAH INSTITUTIONS
REGULAR | CRASH | ONLINE
MORNING | EVENING CLASSES
@KOCHI
Special Offer!
FREE
GRAMMAR SESSION
OUR SPECIALITIES
INDIVIDUAL TRAINER
DAILY LETTER CORRECTION
MOCK TEST
SPECIALLY-DESIGNED SYLLABUS
OVERALL 8.5
JOSEPH
OVERALL 8.5
ROSHINI MOKA
OVERALL 8.0
GREESHMA
OVERALL 8.0
SANGEETHA
OVERALL 7.5
AMAL
OVERALL 7.5
ARNOL REJI
OVERALL 7.5
SHERIN JOSEPH
OVERALL 7.5
ANJALI
OVERALL 7.5
SONIA
OVERALL 7.5
ASHILY
OVERALL 7.5
JISHA JOY
OVERALL 7.0
MARY THOMAS
OVERALL 7.0
LITTY
OVERALL 7.0
JIJO
OVERALL 7.0
TOKOM
@ajinorah
www.ajinorah.com
7907 270 296
9645 644 612
KOCHI +91 9742503840
KOTTAYAM +91 9656393309
KOZHIKODE +91 9446318152
TRIVANDRUM +91 8086801381



# സഹദാ


പാരിഷ് ബുള്ളറ്റിൻ

ഏപ്രിൽ - ജൂൺ 2021

Vol. 16, Issue 2



സെന്റ് ജോർജ്ജ് ഫൊറോന ചർച്ച്

ഇടപ്പള്ളി, കൊച്ചി - 682 024

Ph: 0484 234 4538

Fax: 914842535538

edappallyvicar@gmail.com

Website: www.stgeorgeedappally.org

parishbullettinsahada@gmail.com



**രക്ഷാധികാരി**

റവ. ഫാ. ആന്റണി മടത്തുംപടി

**ചീഫ് എഡിറ്റർ**

ഫാ. ജോൺ ജോസഫ് തൈപ്പറമ്പിൽ

**അസോസിയേറ്റ് എഡിറ്റർ**

ഫാ. സാൻജോ കണ്ണമ്പിള്ളി

**എഡിറ്റോറിയൽ ബോർഡ്**

ജോസ് മഞ്ഞില, വൈസ് ചെയർമാൻ

ജോസ് പള്ളിപ്പാടൻ, ജനറൽ സെക്രട്ടറി

ജോയി ആഞ്ഞിലിക്കൽ, ട്രഷറർ

ബിജു കണ്ടത്തിൽ

ജിൻസ് ഓടക്കൽ

ജാൻസി ഔസേഫ് എഴുവന്താനം

ജെൻസി ജോളി ചിറയത്ത്

ജോയി മണ്ണുക്കോട്ടയിൽ

വർഗ്ഗീസ് ഉപ്പൻ

യേശുദാസ് കണ്ടത്തിൽ

**പള്ളി ഓഫീസ് സ്റ്റാഫ്**

ജനനം, മരണം, മാമ്മോദീസ, വിവാഹം തിയതികൾ

**ഉപദേശകസമിതി**

ജോയി പള്ളിപ്പാടൻ

ജോസ് നീരാക്കൽ

**മുദ്രണം & രൂപഭംഗി**

ഡോൺ ബോസ്കോ ഇഗാക്റ്റ്

വെണ്ണല, കൊച്ചി - 28

ഫോൺ: 0484 280 6411

mail@dbigact.com



ഇടയമൊഴി ..... 04

Break the Rules ..... 06

ജാഗ്രത!!! If you are in Comfort Zone ..... 07

പ്രണയനൈരാശ്യം: കൗമാരക്കുരുക്ക് ..... 08

മൂല്യബോധം പരിണാമ വിധേയമോ? ..... 09

വികസന പന്ഥാവിലൂടെ ..... 10

ഇടപ്പള്ളി ഇടവക എന്റെ ദൃഷ്ടിയിൽ ..... 17

വിശുദ്ധ ഡൊമിനിക് സാവിയോ ..... 20

ഗോവണി ..... 22

ഡിമെൻഷ്യ ..... 23

രുചിക്കൂട്ട് ..... 29

ഒരവസരം കൂടി ..... 31

അപ്പൂപ്പനും കുഞ്ഞുമോളും ..... 32

സത്യത്തിലേക്കുള്ള ദൂരം നാല് ഇഞ്ച് ..... 33

നഷ്ടമാം പറുദീസ വീണ്ടെടുക്കാനായ്. ..... 34

സിനിമാടാക്കീസ് ..... 35

ലീജി ജോൺ ഓർമ്മയാകുമ്പോൾ ..... 36

ഇടവക വാർത്തകൾ ..... 43

ഞങ്ങൾ വരവായി ..... 47

പിതാവിന്റെ പക്കലേക്ക് ..... 47

ഞങ്ങൾ ഒന്നായി ..... 49

വാർത്താലോകം ..... 50

ഇടയമൊഴി

# വചനാധിഷ്ഠിത കത്തോലിക്കാ വിശ്വാസം





വളരെ സങ്കീർണ്ണമായ ഒരു കാലഘട്ടം നമ്മൾ പിന്നിടുകയാണ്. കോവിഡ് - 19 എന്ന മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളെ അതിജീവിക്കുവാൻ കഴിയും എന്ന പ്രതീക്ഷയിലേക്ക് നമ്മൾ എത്തി നിൽക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരിധി നിർണ്ണയിക്കപ്പെടുകയും പരിമിതി സൃഷ്ടിക്കുകയും ചെയ്തിരുന്ന സാഹചര്യം പതുക്കെ മാറുകയാണ്. ഒരു ആരാധനാസമൂഹം എന്ന സങ്കല്പത്തിനുപോലും താത്ക്കാലികമായി ഒരു പുനർവായന വേണ്ടി വന്ന ബുദ്ധിമുട്ടേറിയ ഒരു കാലഘട്ടമായിരുന്നു നാം പിന്നിടുന്നു എന്നു കരുതുന്ന കോവിഡ് - 19 കാലഘട്ടം.

നമ്മുടെ വിശ്വാസത്തിന്റെ ആധാരം നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധവും അവിടുത്തെ പഠനങ്ങളുമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നാം ചെയ്യേണ്ടത് നമ്മുടെ നാഥനായ യേശുവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധം ആഴപ്പെടുത്തുക എന്നുള്ളതാണ്. അതോടൊപ്പം നാം ചെയ്യേണ്ട മറ്റൊരു കാര്യം അവിടുത്തെ വചനങ്ങളിൽ അധിഷ്ഠിതമായ നമ്മുടെ വിശ്വാസത്തെക്കുറിച്ച് അടുത്തറിയുക എന്നുള്ളതുമാണ്.

മനുഷ്യരക്ഷക്കായ് ലോകത്തിൽ അവതരിച്ച ദൈവപുത്രനായ യേശുക്രിസ്തുവിൽ കേന്ദ്രീകൃതമാണ് നമ്മുടെ കത്തോലിക്ക വിശ്വാസം. അതുപോലെ തന്നെ നമ്മുടെ വിശ്വാസം പൂർണ്ണമായി ദൈവവചനത്തിൽ അധിഷ്ഠിതവുമാണ്. ഇപ്രകാരം ക്രിസ്തുകേന്ദ്രീകൃതവും വചനാധിഷ്ഠിതവുമായ നമ്മുടെ വിശ്വാസത്തെക്കുറിച്ച് നല്ല അറിവും അവബോധവും ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ വിശ്വാസമനുസരിച്ച് ശരിയായി ജീവിക്കുവാനും അത് മറ്റുള്ളവരുടെ നന്മയ്ക്കായ് പങ്കുവയ്ക്കാനും സാധിക്കൂ.

മനുഷ്യവംശത്തിന്റെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിനെ അറിയുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ളവർ അനുഗ്രഹീതരാണ്. കാരണം, യേശു തന്നെ പറഞ്ഞിട്ടുള്ളതുപോലെ "അനേകം പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നവ കാണുവാൻ ആഗ്രഹിച്ചു. എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്ന കേൾക്കുവാൻ ആഗ്രഹിച്ചു. എങ്കിലും കേട്ടില്ല." (മത്തായി 13:17) യേശുവിനെ അറിയുവാനും നാഥനും രക്ഷകനുമായി സ്വീകരിക്കുവാനും സാധിച്ചിരിക്കുന്നതുപോലെ തന്നെ നമ്മെ അനുഗ്രഹീതരാക്കുന്ന മറ്റൊരു കാര്യമാണ് യേശു സ്ഥാപിച്ച സഭയായ കത്തോലിക്കാ സഭയിലെ അംഗമായിരിക്കുക എന്നതും.

എന്നാൽ, നമുക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹത്തിന്റെ മഹത്വം നമ്മിൽ ചിലരെങ്കിലും മനസ്സിലാക്കാതെ പോകുന്നു എന്നത് അതീവ ദുഃഖകരമാണ്. "നീ പഠിച്ചിട്ടുള്ളതും ഉറപ്പായി വിശ്വസിച്ചിട്ടുള്ളതുമായ കാര്യങ്ങൾ ആരിൽ നിന്നാണ് പഠിച്ചത് എന്നോർത്ത് അതിൽ സ്ഥിരമായി നിൽക്കുക" (2 തിമോത്തി 3:14) എന്നാണ് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നത്. എന്നാൽ, അതിനുപകരം "ചിലയാളുകൾ ഇവയിൽ നിന്ന് വ്യതിചലിച്ച് അർത്ഥശൂന്യമായ ചർച്ചകളിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്." (തിമോത്തി 1:6). ഇങ്ങനെയുള്ള സാഹചര്യത്തിലാണ് "വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയുവാൻ സദാ സന്നദ്ധരായിരിക്കുവിൻ" (1 പത്രോസ് 3:15) എന്ന് വിശുദ്ധഗ്രന്ഥം നമ്മെ ഉത്ബോധിപ്പിക്കുന്നത്.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന സഭാസമൂഹങ്ങളിൽ നൂറു ശതമാനവും ക്രിസ്തുകേന്ദ്രീകൃതവും വചനാധിഷ്ഠവുമായ സഭയാണ് കത്തോലിക്കാസഭ എന്ന വസ്തുത നമ്മെ അഭിമാനപുളകിതരാക്കണം. യേശു അപ്പസ്തോലന്മാരുടെ അടിത്തറമേൽ സ്ഥാപിച്ച സഭ ആരംഭം മുതൽ കേന്ദ്രീകൃതമായിരിക്കുന്നതു "വഴി

യും സത്യവും ജീവനുമായ (യോഹ 14:6) യേശുവിൽ തന്നെയാണ്. "പുനരുത്ഥാനവും ജീവനും ഞാനാകുന്നു; എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും" (യോഹ. 11:25) എന്ന നിത്യജീവന്റെ വാഗ്ദാനം അവിടുന്ന് നൽകുമ്പോൾ നമ്മുടെ ജീവിതത്തിൽ അവിടുന്നല്ലാതെ മറ്റൊരു കേന്ദ്രബിന്ദു ഉണ്ടാകുമോ? യേശു വഴി തന്നെയാണല്ലോ പിതാവായ ദൈവം സകല മനുഷ്യരെയും തന്നോട് രമ്യപ്പെടുത്തുന്നത് (2 കോറി. 5:18).

ദൈവവചനം പറയുന്നതനുസരിച്ച് യേശുക്രിസ്തുവാണ് എല്ലാറ്റിന്റെയും മകുടം. ദൈവവചനം ഇപ്രകാരം പറയുന്നു. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും അവനിൽ സൃഷ്ടിക്കപ്പെട്ടു. സിംഹാസനങ്ങളോ ആധിപത്യങ്ങളോ ശക്തികളോ അധികാരങ്ങളോ എന്തുമാകട്ടെ എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്. അവനാണ് എല്ലാത്തിന്റെയും മുമ്പുള്ളവൻ. അവനിൽ സമസ്തവും സ്ഥിതി ചെയ്യുന്നു. അവൻ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്. അവൻ എല്ലാറ്റിന്റെയും ആരംഭവും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാണ്. ഇങ്ങനെ എല്ലാ കാര്യങ്ങളിലും അവനിൽ സർവ്വസമ്പൂർണ്ണതയും നിവസിക്കണമെന്ന് ദൈവം തിരുമനസായി. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ ദൈവം തന്നോട് രഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു." (കൊളോ. 1:16 - 20).

ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത് നമുക്ക് ജീവൻ നൽകുവാനും അത് സമൃദ്ധമായി നൽകുവാനുമായിരുന്നു (യോഹ. 10:10). കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞ് "ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുവാനും കുരുടർക്ക് കാഴ്ചയും ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നൽകാനും കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാനുമായി. (ലൂക്ക 4:18) അഭിഷിക്തനായി ഈശോ തന്റെ ദൗത്യം തുടരാനും പൂർത്തീകരിക്കുവാനുമായി പന്ത്രണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതായി സുവിശേഷങ്ങളിൽ (മർക്കോസ് 3:13 - 19; മത്തായി 10:1 - 4; ലൂക്ക 6:12 - 16) നാം വായിക്കുന്നുണ്ട്.

തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കുവാൻ അയയ്ക്കപ്പെടുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാനും അധികാരം നൽകുന്നതിനുമായി" (മർക്കോസ് 3:14 - 15) തെരഞ്ഞെടുക്കപ്പെട്ടവരോട് തന്റെ ഉത്ഥാനശേഷം യേശു പറഞ്ഞു: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കൽപിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും." (മത്തായി 28:16 - 20).

ദൈവവചനമാകുന്ന യേശുവിന്റെ കൽപന അക്ഷരാർത്ഥത്തിൽ സ്വീകരിച്ച് എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കയും അവിടുന്ന് പഠിപ്പിച്ച കാര്യങ്ങൾ പാലിക്കുകയും ചെയ്യുന്ന ചരിത്രമാണ് കത്തോലിക്കാ സഭയ്ക്കുള്ളത്.


നമ്മുടെ ഈ സങ്കീർണ്ണമായ സാഹചര്യത്തിൽ മറ്റൊന്നിനെക്കാളും പ്രാധാന്യത്തോടെയും ഗൗരവത്തോടെയും വിശ്വാസജീവിതം നയിക്കാനും ക്രിസ്തുശിഷ്യനായി ക്രൈസ്തവസാക്ഷ്യം നൽകാനും നാം പരിശ്രമിക്കേണ്ടതാണ്. ഇന്നിന്റെ ആവശ്യം മാത്രമല്ല കെട്ടുറപ്പുള്ള, വിശ്വാസതീഷ്ണതയുള്ള, വിശ്വാസം കൈമാറ്റം ചെയ്യപ്പെടുന്ന പുതുതലമുറയെ വാർത്തെടുക്കേണ്ടതിന്റെ കൂടെ ആവശ്യകതയും അനിവാര്യതയുമായി മാറിക്കഴിഞ്ഞു. അതുകൊണ്ട് വ്യക്തിപരമായും കുടുംബത്തിലും ഇടവകാതലത്തിലുമെല്ലാം ഇതിനുള്ള പരിശ്രമങ്ങളും ചുവടുവയ്പുകളും നടത്തി വ്യത്യസ്തങ്ങളും സങ്കീർണ്ണങ്ങളുമായി ജീവിതസാഹചര്യങ്ങളെ ധീരമായി നേരിടാൻ നമ്മൾ തന്നെ പ്രാപ്തരായേ തീരൂ. അതിനുള്ള മാർഗ്ഗമാണ് വചനാധിഷ്ഠിതമായ കത്തോലിക്കാ വിശ്വാസം.


സഭയാകുന്ന ശരീരത്തിന്റെ ശിരസ് ഈശോ ആയിരിക്കുന്നതുകൊണ്ട് (കൊളോ. 1:18) അവിടുന്നിൽ കേന്ദ്രീകൃതമായ വിശ്വാസമാണ് കത്തോലിക്കാസഭയുടേത്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനം ദൈവവചനാധിഷ്ഠതവുമാണ്. ഈ ചിന്തയുടെ വെളിച്ചത്തിൽ കൂടുതൽ തീഷ്ണതയുമായി വിശ്വാസജീവിതം ജ്വലിപ്പിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്നവരും അനുകരിക്കുന്നവരുമാകാം. ദൈവത്തിന്റെ വചനമായ ഈശോ തന്നെ നമ്മെ അതിന് സഹായിക്കട്ടെ.

സ്നേഹപൂർവ്വം

**ഫാ. ആന്റണി മടത്തുംപടി**

നിങ്ങളുടെ വികാരിയച്ചൻ





# Break the Rules

മഹാനായ ഒരു രാജാവ് ശത്രുരാജ്യത്തെ തോൽപിക്കുവാനായി പടയാളികളുമായി കപ്പലിൽ യാത്രയാരംഭിച്ചു. ഈ വിവരം എങ്ങനെയോ ശത്രുരാജ്യത്തിലെ രാജാവ് അറിഞ്ഞു. അദ്ദേഹം തന്റെ പടയാളികളെ മുഴുവൻ തീരത്ത് വിന്യസിപ്പിച്ചു. ശത്രുസൈന്യം മുഴുവൻ തീരത്ത് അണിനിരന്നു നിൽക്കുന്നത് കണ്ട് കപ്പലിലുള്ള പടയാളികൾ ഭയന്നു. ഇത് മനസ്സിലാക്കിയ ബുദ്ധിമാനായ മന്ത്രി, രാജാവിനോട് പറഞ്ഞു. എത്രയും പെട്ടെന്ന് നമ്മൾ യാത്ര ചെയ്യുന്ന ഈ കപ്പലിനു തീയിടുക. മന്ത്രിയുടെ ബുദ്ധിസാമർത്ഥ്യം നന്നായി അറിഞ്ഞിരുന്ന രാജാവ് കപ്പലിനു തീയിടാൻ കല്പന നൽകി. തീയിടുകയും ചെയ്തു. ശത്രുസൈന്യം തീരത്ത് അണിനിരക്കുന്നതുകണ്ട് ഭയന്ന തന്റെ സൈന്യത്തോട് മന്ത്രി പറഞ്ഞു: 'നമ്മുടെ കപ്പലിനു തീപിടിച്ചിരിക്കുന്നു ഒന്നെങ്കിൽ ഇതിൽകിടന്നു വെന്തുമരിക്കാം. അല്ലെങ്കിൽ നീന്തി ശത്രുരാജ്യത്ത് ചെന്ന് അവരുമായി യുദ്ധം ചെയ്ത് അവരെ കീഴടക്കാം." ആ യുദ്ധത്തിൽ കപ്പലിൽ വന്ന സൈന്യം ജയിച്ചു.

മഹാന്മാരെപ്പറ്റി നാം പറഞ്ഞുകേട്ടിട്ടുണ്ട്. 'അവരെല്ലാവരും നന്നായി ആരംഭിച്ചവരല്ല; എന്നാൽ നന്നായി അവസാനിപ്പിച്ചവരാണ്.' ഈ അവസാനിപ്പിക്കുന്നതിനു മുമ്പ് ഇവരുടെ ജീവിതത്തിലെ പ്രതിസന്ധികളുടെ കാലഘട്ടത്തിൽ അവരെടുത്ത തീരുമാനമാണ് അവരെ മഹാന്മാരാക്കിയത്. ഓരോ പ്രതിസന്ധിയിലും നാം എടുക്കുന്ന തീരുമാനങ്ങളാണ് നമ്മെ വ്യത്യസ്തരാക്കുക. ചില തീരുമാനങ്ങൾ താത്കാലികാശ്വാസം നൽകും. എന്നാൽ ചിലത് ഭാരപ്പെടുത്തുമെങ്കിലും നിത്യമായ ആനന്ദം പ്രധാനം ചെയ്യും. ഇത്തരം ഭാരപ്പെടുത്തുന്ന തീരുമാനങ്ങൾ എടുത്തവരാണ് നിത്യവും നിലനിൽക്കുക. ബൈബിളിന്റെ ഭാഷയിൽ ചിന്തിക്കുമ്പോൾ നമ്മുടെ മുമ്പിൽ നന്മയും തിന്മയും ജീവനും മരണവും വച്ചിട്ടുണ്ട് നമുക്കിഷ്ടമുള്ളത് തിരഞ്ഞെടുക്കാം. തിരഞ്ഞെടുപ്പുകൾ എല്ലാം നമ്മുടേതാണ്. എന്തു തിരഞ്ഞെടുക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി. കപ്പലിലിരുന്ന് തിരിച്ചുപോയാൽ തോൽവിയാണ്. കപ്പൽ കത്തിക്കുന്നിടത്ത് വീര്യം കൂടുകയും വിജയം സുനിശ്ചിതമാവുകയും ചെയ്യും. ആയതിനാൽ പ്രതിസന്ധിഘട്ടത്തിലെ നമ്മുടെ തീരുമാനങ്ങൾ നമ്മെ മഹാന്മാരാകട്ടെ!

കോവിഡ് കാലഘട്ടം നമ്മുടെ ജീവിതത്തിലെ വലിയൊരു പ്രതിസന്ധി ഘട്ടത്തിലൂടെ നമ്മെ നയിക്കുന്നുണ്ട്. ഇത്തരുണത്തിൽ ഈ മഹാമരിയോട് നാം പുലർത്തുന്ന മനോഭാവമാണ് നമ്മെ മഹാന്മാരാക്കുക. ഒരു പക്ഷി ഉണ്ടായിരുന്നുവെന്ന് ഓർമ്മിപ്പിക്കാൻ അതിന്റെ തൂവൽ അവശേഷിപ്പിച്ചാൽ മതി. ഇന്നിൽ നാം ജീവിച്ചിരുന്നുവെന്ന് നാളത്തെ തലമുറയോട് പറയാൻ നമ്മുടെ ചില നല്ല ഇടപെടലുകൾ ഉണ്ടായാൽ മതി. കോവിഡ് ഭീതിയിൽ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുമ്പോൾ സുരക്ഷിതത്വം സുനിശ്ചിതമാണ്. എന്നാൽ കോവിഡിനെ വെല്ലുന്ന മനോവീര്യത്തോടെ സമൂഹത്തിന്റെ നന്മയ്ക്കായി നാം ഇറങ്ങുമ്പോൾ സുരക്ഷിതത്വത്തിന്റെ ഭിത്തികൾ തകരും എങ്കിലും നന്മയുടെ പ്രവൃത്തികൾ സമൂഹത്തിന് കാഴ്ചവെയ്ക്കാൻ നമുക്ക് സാധിക്കും. അപ്പോൾ സമൂഹം നമ്മെ മഹാന്മാരെന്നു വിളിക്കും.

**ഫാ. ജോൺ ജോസഫ് തൈപ്പറമ്പിൽ**
സഹവികാരി




# ജാഗ്രത!!!

## If you are in Comfort Zone

നിങ്ങളുടെ വിശ്വാസ ജീവിതത്തിൽ നിങ്ങൾ Comfort Zone-ൽ ആണോ? കുടുംബജീവിതത്തിലോ? സമൂഹത്തിലോ? എങ്കിൽ ജാഗ്രത! Comfort zone is danger zone... നിങ്ങളുടെ ജീവിതം യാതൊരു പ്രശ്നങ്ങളും ആകുലതകളും ഇല്ലാതെ മുന്നോട്ടു പോകുകയാണെങ്കിൽ നിങ്ങൾ ദൈവത്തെ വിളിക്കുമോ? ഇരുത്തി ചിന്തിപ്പിക്കേണ്ട ഒരു ചോദ്യമാണിത്. വചനം പറയുന്നു: വെളിപാടിന്റെ പുസ്തകം 3-ാം അദ്ധ്യായം 16-ാം വാക്യം "ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽ നിന്ന് തുപ്പിക്കളയും" ജീവിതത്തിലെ safe zone പലപ്പോഴും ഇത്തരത്തിൽ ഒരു നിസ്സംഗതാ മനോഭാവത്തിലേക്ക് നയിക്കാൻ സാധ്യതയുണ്ട്. ഇത്രയൊക്കെ മതി എന്ന ചിന്ത... പോപ്പ് ഫ്രാൻസിസ് പറയുന്നു, നിസ്സംഗത നിങ്ങളുടെ ജീവിതത്തിൽ കടന്നുകൂടിയാൽ ദൈവത്തിന്റെ സുന്ദരങ്ങളായ പ്രവർത്തികൾ ദർശിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല.

നമ്മുടെയൊക്കെ comfort zone ഇല്ലാതാക്കിയ ഒരു കാലഘട്ടമാണ് കോവിഡ് കാലം. നമ്മുടെ ജീവിതത്തെ തന്നെ കീഴ്മേൽ മറിച്ച ദിനങ്ങൾ... വീടുകളിൽ ഒതുങ്ങി കൂടി, ഓൺലൈൻ മേഖലകളിലേക്ക് മാറിയ കാലം. പള്ളികൾ വീണ്ടും തുറന്നെങ്കിലും പലരും കോവിഡ് കാലം നൽകിയ നിസ്സംഗതയിൽ തന്നെയാണോ എന്നൊരു സംശയം.

കുറച്ച് ശാസ്ത്രജ്ഞർ ഒരിക്കൽ ഒരു പരീക്ഷണം നടത്തി. അവർ ഒരു ജീവനുള്ള തവളയെ തിളപ്പിച്ച വെള്ളത്തിലേക്ക് എടുത്തിട്ടു. ആ തവള പ്രാണരക്ഷാർത്ഥം ചാടി രക്ഷപ്പെട്ടു. വേറൊരു തവളയെ ഒരു പാത്രത്തിലെ സാധാരണ വെള്ളത്തിലേക്ക് എടുത്തിട്ടതിനുശേഷം പാത്രത്തിലെ വെള്ളത്തെ ചൂടാക്കുവാൻ തുടങ്ങി. ആ തവള, സാവധാനത്തിൽ ചൂടായ ആ വെള്ളം നൽകിയ സുഖത്തിൽ ആയിരുന്നു. വെള്ളം തിളച്ചപ്പോൾ അതോടൊപ്പം ആ തവളയും വെന്തു തീർന്നു. ശാസ്ത്രജ്ഞർ ഇതിനെ "boiling frog Syndrom' എന്നു വിളിക്കുന്നു. ചുറ്റുപാടുകളെ തിരിച്ചറിയാൻ സാധിക്കാതെ പോയപ്പോൾ, ചുറ്റുപാടുകളോട് നിസ്സംഗത പുലർത്തിയപ്പോൾ മരണമായിരുന്നു ഫലം. Comfort zones നൽകുന്ന സുഖം പലപ്പോഴും ഇത്തരത്തിൽ വിശ്വാസ ജീവിതത്തിന്റെ, ആത്മീയ ജീവിതത്തിന്റെ സാമൂഹിക കുടുംബ ജീവിതത്തിലെ നിസ്സംഗതയിലേക്ക് നയിക്കാറുണ്ട്.

ഷോപ്പിങ്ങ് മാളുകളിലേക്കും, തിയേറ്ററുകളിലേക്കും, വിനോദസഞ്ചാര മേഖലകളിലേക്കും കോവിഡിനു ശേഷം ജനം, പ്രത്യേകിച്ച് യുവജനങ്ങളും കുട്ടികളും ഇടിച്ചു കയറുമ്പോൾ എന്തുകൊണ്ട് പള്ളികളിലേക്ക്, കൂദാശ സ്വീകരണത്തിന് നിസംഗത തുടരുന്നു. പള്ളിയിൽ പോയില്ലെങ്കിലെന്താ online - ൽ കൂടിയാൽ പോരെ എന്ന് നാം പറയുന്നുണ്ടെങ്കിൽ ജാഗ്രത എവിടെയോ നിസ്സംഗത നമ്മെയും പിടികൂടിയിരിക്കുന്നു. comfort zones നല്കുന്ന സുഖങ്ങളിൽ ആലസ്യപ്പെടാതെ ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളാകാൻ ഏവർക്കും സാധിക്കട്ടെ.

**ഫാ. സാൻജോ കണ്ണമ്പിള്ളി**
സഹവികാരി



# പ്രണയനൈരാശ്യം : കൗമാരക്കുരുക്ക്



പ്രണയത്തിൽ കുടുങ്ങി ജീവിതവിശുദ്ധി നഷ്ടപ്പെടുത്തിയവരും നൈരാശ്യത്തിൽ ജീവിതവും കുടുംബവും തകർത്തവരും വളരെ ഏറെയാണ്. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിന് ഒരു സമയമുണ്ട്. കാലം തെറ്റിയാൽ ഏത് നന്മയും തിന്മയായി മാറും. കൗമാര പ്രണയത്തിൽ കുടുങ്ങി, പ്രേമനൈരാശ്യത്തിൽ തകർന്ന കുട്ടികളെ അതിൽ നിന്ന് രക്ഷിക്കാനും, പ്രേമനൈരാശ്യത്തിൽ വീണുപോയവർക്ക് അതിൽനിന്ന് കര കയറാനും തീർച്ചയായും സാധിക്കും. അതിനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ:

1. പ്രേമം പരാജയപ്പെടുക എന്നത് സ്വാഭാവികമായ കാര്യമാണെന്ന് തിരിച്ചറിയുക.
2. ഇതിൽനിന്നും രക്ഷപ്പെടാൻ കുറച്ച് സമയം ആവശ്യമാണെന്ന വസ്തുത അംഗീകരിക്കുക. നിങ്ങൾ നിങ്ങൾക്കുതന്നെ സമയം നൽകുക. (Time can heal anything)
3. പ്രണയിച്ച വ്യക്തിയോട് വിദ്വേഷം വച്ചു പുലർത്തരുത്. അവരുടെ മുമ്പിൽ വിജയിച്ചുവെന്ന് കാണിക്കാനായി മറ്റൊരാളെ പ്രണയിക്കരുത്.
4. പ്രണയിച്ചയാളെ കാണിക്കാനായി സെന്റിമെന്റ്സ് നിറഞ്ഞ സ്റ്റാറ്റസ്, ഫോട്ടോ എന്നിവ ഇടാതിരിക്കുക. അവരുടെ ശ്രദ്ധ ആകർഷിക്കാൻവേണ്ടി ഒന്നും ചെയ്യരുത്.
5. ആ വ്യക്തിയുമായുള്ള കോൺടാക്റ്റ് പൂർണ്ണമായും അവസാനിപ്പിക്കുക. ഫോട്ടോസ്, വീഡിയോ, ലഭിച്ച ഗിഫ്റ്റുകൾ എന്നിവ എത്രയും വേഗം തിരിച്ചു കൊടുക്കുക അല്ലെങ്കിൽ നശിപ്പിച്ചു കളയുക.
6. അവരുടെ ഓർമ്മ ഉണർത്തുന്ന എല്ലാ കാര്യങ്ങളിലും നിന്ന് അകന്നിരിക്കുക.
7. നിങ്ങളുടെ ആത്മാഭിമാനം വീണ്ടെടുക്കുക.
8. സ്വന്തം ജീവിതത്തെക്കുറിച്ച് പോസിറ്റീവായി ചിന്തിക്കുക. അനുഭവത്തിൽ നിന്ന് നല്ല പാഠങ്ങൾ സ്വീകരിക്കുക.
9. പ്രേമനൈരാശ്യത്തിൽ പെട്ടവരെ സഹായിക്കാൻ കുടുംബങ്ങൾക്കും നല്ല സുഹൃത്തുക്കൾക്കും സാധിക്കും.
10. സാമൂഹ്യബന്ധങ്ങൾ വളർത്തിയെടുക്കുക.
11. കഴിവുകളെ വർദ്ധിപ്പിക്കുന്ന ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക. (Follow Your Passion)
12. പ്രേമനൈരാശ്യത്തിൽ നിന്നും രക്ഷപ്പെടാൻ സാധിക്കാത്തവർക്ക് ധ്യാനം, കൗൺസലിംഗ് എന്നിവ വളരെ സഹായകരമാണ്.

**ഡീക്കൻ റ്റിബിൻ പഴേപറമ്പിൽ CMF**



# മൂല്യബോധം പരിണാമ വിധേയമോ?

**വൈസ് ചെയർമാൻ എഴുതുന്നു**

സാമൂഹ്യശാസ്ത്രത്തിന്റെ പിതാവായിട്ടാണ് ഫ്രഞ്ച് ചിന്തകനായ ആഗസ്റ്റെ കോംറ്റ് (1798-1857) അറിയപ്പെടുന്നത്. ലോകം ദർശിച്ച പ്രമുഖ ചിന്തകരെ സ്വാധീനിച്ച വ്യക്തിത്വത്തിന്റെ ഉടമയാണ് കോംറ്റ്. സമൂഹത്തിന്റെ വികാസപരിണാമങ്ങൾ മൂന്നു കാലഘട്ടങ്ങളിലൂടെ സംഭവിക്കുന്നത് അദ്ദേഹം വ്യക്തമാക്കുന്നു. പ്രഥമ ഘട്ടത്തിൽ മതങ്ങളുടെ സ്വാധീനവും കാഴ്ചപ്പാടുകളും സൈനിക ശക്തിയിൽ അധിഷ്ഠിതമായി സമൂഹത്തെ നയിക്കുന്നു. ദ്വിതീയ ഘട്ടത്തിൽ താത്വിക ദർശനങ്ങളുടെ സ്വാധീനവും നിയമവാഴ്ചയും സമൂഹത്തെ നിയന്ത്രിക്കുന്നു. തൃതീയ ഘട്ടത്തിലാവട്ടെ ശാസ്ത്രീയ വീക്ഷണവും സാമ്പത്തിക മൂലധന ശക്തികളുടെ നിയന്ത്രണവുമാണ് സമൂഹത്തെ നയിക്കുന്നത്. ആ പ്രവചനം സാർത്ഥകമായി എന്ന് കാലം തെളിയിക്കുന്നു.

ഗോത്രങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്കും, ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും സമൂഹം ക്രമാനുഗതമായി വികസിക്കുന്നു. നാഗരികതയുടെ വളർച്ചയോടെ കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി മാറുന്നു. ഗോത്ര, ഗ്രാമസഭകളിൽ സമൂഹങ്ങൾക്കായിരുന്നു പ്രാധാന്യം. നഗരജീവിതത്തിൽ വ്യക്തികൾക്കാണ് പ്രാധാന്യം. ജാതി, മതം, വംശം, കുലം, കുടുംബം തുടങ്ങിയവ നഗരജീവിതത്തിൽ പ്രധാനമായി തോന്നുന്നില്ല. വ്യക്തിതാല്പര്യങ്ങളുടെ പൂരണത്തിനുവേണ്ടിയുള്ള ഓർമ്മപ്പെടുത്തലായി മാത്രമേ അവ നഗരജീവിതത്തിൽ പരിഗണിക്കപ്പെടുന്നുള്ളു.

കാലവും ജീവിതവും മാറ്റത്തിന് വിധേയമായി മാറിക്കൊണ്ടിരിക്കും. 'ലോകത്തിൽ മാറ്റമില്ലാത്തത് ഒന്നെയുള്ളു. അത് മാറ്റമാണ്.' മാറ്റം രണ്ടു തരത്തിൽ ഉണ്ട്. അനിവാര്യമായ മാറ്റവും മാറ്റത്തിനു വേണ്ടിയുള്ള മാറ്റവും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാന ഉദ്ദേശ്യം സഭയുടെ അധുനാതനീകരണം (Aggiornamento) ആയിരുന്നു. സഭയുടെ അടിസ്ഥാനമായ കുടുംബങ്ങൾ മതാനുഭവമാക്കി മാറ്റുക. ക്രൈസ്തവ ദർശനങ്ങളുടെ കാഴ്ചപാടിൽ സഭയിൽ വികേന്ദ്രികരണം നടത്തുക. ആല്മായ പങ്കാളിത്തം വർധിപ്പിക്കുക. കുടുംബങ്ങളെ പ്രധാന ചാലകശക്തിയായി മാറ്റുക തുടങ്ങിയവയും പ്രധാന നിർദ്ദേശങ്ങളായിരുന്നു. കത്തോലിക്കാ വിശ്വാസം പ്രധാനമായും പള്ളി കേന്ദ്രീകൃതമായിരുന്നു. രണ്ടാം സ്ഥാനമേ കുടുംബത്തിനുള്ളൂ. ഇതിനു വിപരീതമായ രീതിയിലാവണം സഭ. കത്തോലിക്കാ വിശ്വാസം കുടുംബകേന്ദ്രീകൃതവും രണ്ടാമതായി മാത്രം പള്ളികേന്ദ്രീകൃതവുമാകണം. നമ്മുടെ പരിശ്രമം ഇതിന് സഹായകരമായ രീതിയിലാവണം.

സംസ്ഥാനം ഒരു തെരെഞ്ഞെടുപ്പിലേക്ക് നീങ്ങുകയാണ്. സംസ്ഥാന നിയമസഭകളിലേക്കുള്ള ജനപ്രതിനിധികളെ തെരെഞ്ഞെടുക്കുന്നതിന് ഏപ്രിൽ മാസം ആറിന് നമ്മൾ പോളിങ് ബൂത്തുകളിൽ എത്തും. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ജനാധിപത്യത്തെ ഇങ്ങനെയാണ് കാണുന്നത്. "നിങ്ങൾ ഒരു ഓട്ടമത്സരത്തിൽ പങ്കെടുത്ത് ജയിച്ചു കഴിയുമ്പോൾ നിങ്ങൾ ജയിച്ചു എന്ന് മാത്രം ധരിക്കാതെ കൂടെ ചിലർ ഓടിയിരുന്നു എന്ന് ഓർക്കുന്നതാണ് ജനാധിപത്യം. ഒറ്റയ്ക്ക് ഓടിയാൽ ആരും ജയിക്കില്ല എന്നു കൂടി ഓർക്കുക." പ്രഥമ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റു ജനാധിപത്യത്തെ ഇങ്ങനെയാണ് വിലയിരുത്തുന്നത്. "ജനാധിപത്യം എന്നാൽ സഹിഷ്ണതയാണ്. നമ്മെ അനുകൂലിക്കുന്നവരോട് മാത്രമല്ല, നമ്മളോട് വിയോജിക്കുന്നവരോടുള്ള സഹിഷ്ണത."

ഏവർക്കും ഉയിർപ്പ് തിരുന്നാളിന്റെയും ഇടവക തിരുന്നാളിന്റെയും ആശംസകൾ..

**ജോസ് മഞ്ഞില**
വൈസ് ചെയർമാൻ

# വികസന പന്ഥാവിലൂടെ

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ ഇടവ കാംഗങ്ങളെ,

കൊറോണ മഹാമാരിയുടെ ഈ കാലയളവിൽ ദിവ്യബലികൾ യാതൊരു തടസ്സവും കൂടാതെ നടത്തുവാൻ സാധിക്കുന്നതിന് ദൈവത്തിന് ഒത്തിരി നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു. നമ്മുടെ ദേവാലയത്തിൽ മാർച്ച് മാസം തുടങ്ങി സാധാരണ ദിവസങ്ങളിൽ മൂന്ന് ദിവ്യബലിയും ഞായറാഴ്ചകളിൽ ഏഴ് ദിവ്യബലിയും മുൻ നാളുകളിലെ പോലെ അർപ്പിക്കുന്നു. ഈ തീരുമാനം എടുത്ത മുൻവികാരിയെ നന്ദിയോടെ സ്മരിക്കുന്നു. എല്ലാ ദിവ്യബലികളിലും ഒത്തിരി ദൈവ ജനങ്ങൾ സജീവമായി പങ്കെടുക്കുന്നു. ദൈവത്തിന്റെ കരുണയും കരുതലും എത്ര വലുതാണെന്ന് നമ്മൾ അറിയുന്നു.

നമ്മുടെ ഇടവകയിൽ 6 വർഷത്തിനടുത്ത് ദൈവ ശുശ്രൂഷക്ക് ശേഷം കുറ്റിപ്പുഴ സെ. സെബാസ്റ്റ്യൻ ദേവാലയത്തിലേക്ക് സ്ഥലംമാറി പോയ ജിമ്മിയച്ചൻ നല്കിയ എല്ലാ ദൈവിക ശുശ്രൂഷകൾക്കും സ്കൂളുകൾ, ആസ്പത്രി എന്നീ സ്ഥാപനങ്ങളുടെ പുരോഗതിക്കായി നല്കിയ സേവനത്തിനും നന്ദി പറയുന്നു. അതോടൊപ്പം രണ്ടു വർഷക്കാലം സഹവികാരിയായി സേവനം ചെയ്ത ജോസഫ് തെക്കിനേടത്തച്ചന്റെ ശുശ്രൂഷകൾക്ക് നന്ദി. പള്ളിപ്പുറം സെ. മേരീസ് ഫൊറോന ദേവാലയത്തിലേക്കാണ് സ്ഥലം മാറ്റം. കൊറോണ കാലത്ത് കൊവിഡ് രോഗികളുടെ മൃത സംസ്ക്കാര ശുശ്രൂഷക് അച്ചൻ ഒരു മുന്നണി പോരാളിയായി വർത്തിച്ചു. ഓൺലൈൻ ദിവ്യബലിക്ക് ആവശ്യമായ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. അച്ചനെ നന്ദിയോടെ സ്മരിക്കുന്നു.

ഇടവകയിലേക്ക് വികാരിയായി വന്ന ബഹു. ആന്റണി മടത്തുംപടി അച്ചനെയും സഹവികാരിയായി വന്ന ബഹു. ജോൺ തൈപ്പറമ്പിൽ അച്ചനെയും സ്നേഹപൂർവ്വം ഇടവകയിലേക്ക് സ്വാഗതം ചെയ്യുന്നു. എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

സെ. ജോർജ് ലോവർ പ്രൈമറി സ്കൂളിന്റെ നിർമ്മാണ ജോലികൾ അവസാനഘട്ടത്തിലാണ്. ഏപ്രിൽ മാസം അവസാനത്തോടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് സ്കൂൾ കെട്ടിടം അധ്യായനത്തിന് സജ്ജമാകും.

എം. എ. ജെ. ആസ്പത്രിയിൽ കൊറോണ രോഗികളെ ശുശ്രൂഷിക്കുന്നതിന് പ്രത്യേക വാർഡ് ഉള്ള കാര്യം അറിയാമല്ലോ. കൊറോണ വാക്സിനേഷൻ കേന്ദ്രമായി നമ്മുടെ ആസ്പത്രി തെരെഞ്ഞെടുത്തിട്ടുണ്ട്. ദിനം പ്രതി 250 - 400 പേർ വാക്സിനേഷൻ എടുക്കുന്നു. സ്റ്റാഫംഗങ്ങളേയും അഡ്മിനിസ്റ്റ റേയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഇടവകാംഗവും സെൻട്രൽ കമ്മിറ്റി അംഗവുമായ ലീജി ജോണിന്റെ അകാല വേർപാടിൽ അനുശോചിക്കുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

വി. സെബസ്റ്റ്യാനോസിന്റെയും, ഉണ്ണി മിശിഹാ തിരുനാളും വളരെ ലളിതമായി ആഘോഷിച്ചു. ഇതിന്റെ പിന്നിൽ സഹകരിച്ചവരെ നന്ദിയോടെ ഓർക്കുന്നു.


**ജോയി പള്ളിപ്പാടൻ**
ട്രസ്റ്റി

**ജോസ് നീരാക്കൽ**
ട്രസ്റ്റി

**"വൃക്ഷം മനുഷ്യനോട് സങ്കടപ്പെട്ടു:**
**എത്രയോ വർഷങ്ങളായി എത്രയോ ചില്ലകൾ വെട്ടി എത്രയോ കുരിശുകൾ**
**നിങ്ങൾ ഞങ്ങളിൽ നിന്ന് രൂപപ്പെടുത്തി എന്നിട്ടും ഇനിയും**
**നിങ്ങളിൽ നിന്നൊരു ക്രിസ്തു ഉണ്ടാകാഞ്ഞതെന്തെ?"**
**- ഫാ. ബോബി ജോസ് കട്ടിക്കാട്**

Welcome







വികാരി ഫാ. ആന്റണി മടത്തുംപടിക്കും
സഹവികാരി ഫാ. ജോൺ ജോസഫ് തൈപ്പറമ്പിലിനും
ഇടവക ജനങ്ങളുടെ പ്രാർത്ഥനാശംസകൾ







Thank You!

വികാരിയായി സ്തുത്യർഹ സേവനമനുഷ്ഠിച്ച
ഫാ. കുര്യാക്കോസ് ഇരവിമംഗലത്തിനും
സഹവികാരിയായി സേവനമനുഷ്ഠിച്ച
ഫാ. ജോസഫ് തെക്കിനേടത്തിനും
ഇടവക ജനങ്ങളുടെ നന്ദിയും പ്രാർത്ഥനയും

# PRIESTLY Ordination

Wishes and Prayers





മെയ് 3ന് ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക്
ഉയർത്തപ്പെടുന്ന ഡീക്കൻ ജോസഫ് (റ്റിബിൻ) പഴേപറമ്പിലിന്
ഇടപ്പള്ളി ഇടവകയുടെ പ്രാർത്ഥനാശംസകൾ

















## യാത്രയയപ്പും സ്വീകരണവും















വിശ്വാസ പരിശീലനം പൂർത്തിയാക്കിയ പ്ലസ് ടു വിദ്യാർത്ഥികൾ വികാരിയച്ചനോടൊപ്പം

ജൂൺ 13ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

## ഫാ. ആന്റണി മടത്തുംപടിക്കും
## ഫാ. ജോൺ ജോസഫ് തൈപ്പറമ്പിലിനും

ഇടവക ജനങ്ങളുടെ

**പ്രാർത്ഥനാശംസകൾ**

Happy FEAST








## നമ്മുടെ ഇടവകയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
## വികാരി റവ.ഫാ. കുര്യാക്കോസ് ഇരവിമംഗലം അച്ചനും
## അസി. വികാരി ഫാ. ജോസഫ് തെക്കിനേടത്ത് അച്ചനും

**സി.എൽ.സി. കുടുംബത്തിന്റെ**

**യാത്രാമംഗളങ്ങൾ**


HAPPY 30TH
WEDDING
Anniversary
21 April 1991
SUNNY TM &
SABEENA SUNNY
THOTTUMKARA HOUSE, NETAJI NAGAR
EDAPPALLY


Happy 1 YEAR OF LOVE
29 JUNE 2020
SANJAN
&
CENCIYA
THOTTUMKARA HOUSE
EDAPPALLY



**Annstephy George**

D/o K.F. George & Sherly George
Kanaparambil House,
Edappally

**Rijoy Pauwa**

S/o Robert Pauva & Brigit Yoalent
Melangath House
Moolampilly

# 50-ാം വിവാഹവാർഷികം




## ടി.എ. ജോർജ് & എൽസി ജോർജ്



**തായങ്കേരി വീട്, മാർക്കറ്റ് റോഡ്, ഇടപ്പള്ളി**

പ്രാർത്ഥനാശംസകളോടെ: മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

## 30-ാം ചരമവാർഷികം



**കൊച്ചുവറീത് ആന്റണി (സന്തോമാസ്റ്റർ)**

**26.06.1911 – 04.01.1991**


## 10-ാം ചരമവാർഷികം



**ആന്റണി (സന്തോ മാഷ്) ഭാര്യ ഏലിക്കുട്ടി**

**19.08.1921 – 19.06.2010**

## തായങ്കേരി



# ഇടപ്പള്ളി ഇടവക എന്റെ ദൃഷ്ടിയിൽ

പ്രിയപ്പെട്ടവരെ,

ഞാൻ ഇടപ്പള്ളി ഇടവകയിൽ നിന്ന് ഇന്ന് പടി ഇറങ്ങുകയാണ്. ഞാൻ ഇവിടെ വികാരിയായിരുന്ന അഞ്ചര വർഷക്കാലത്ത് (2015 ജൂലൈ 4 മുതൽ 2021 മാർച്ച് 13 വരെ) എനിക്കു നല്കിയ സഹകരണത്തിനൊക്കെ നന്ദി പറയാനും, ഞാൻ ഇടപ്പള്ളി ഇടവകയെ എങ്ങനെ നോക്കി കാണുന്നു എന്നും, ഇടപ്പള്ളി ഇടവകയിൽ നിന്ന് ഞാനും സമൂഹവും എന്തു പ്രതീക്ഷിക്കുന്നു എന്നും മറ്റുമുള്ള ചില ഓർമ്മകുറിപ്പുകളും ആഗ്രഹങ്ങളുമാണ് ഈ വിടവാങ്ങൽ സമയത്തു കുറിക്കുന്ന വരികൾ:

അഞ്ചു കാര്യങ്ങൾ ഇടപ്പള്ളിക്കാരുടെ മനസ്സിലുണ്ടാകണം.

1. ഇത് ചരിത്രപരമായി വലിയ പാരമ്പര്യമുള്ള ഒരിടവകയാണ്.

2. നാനാജാതി മതസ്ഥരായ ധാരാളം തീർത്ഥാടകർ ദിവസേന വന്നു പോകുന്ന വി. ഗീവർഗീസ് സഹദായുടെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രമാണിത്.

3. നല്ല സാമ്പത്തിക ശേഷിയുള്ള ഇടവകയാണിത്.

4. ഹൈവേ സൈഡിലുള്ള പള്ളിയും ഇടവകയുമാണിത്.

5. കേരളത്തിലെ ഏറ്റവും വലിയ പള്ളി എന്ന ഖ്യാതിയും ഈ ഇടവകയ്ക്കു സ്വന്തം.

മേൽപ്പറഞ്ഞ കാരണങ്ങളാൽ എല്ലാവരും ശ്രദ്ധിക്കുന്ന ഒരിടവകയാണു നമ്മുടേത്. ഇവിടെ നല്ല കാര്യങ്ങൾ

നടന്നാൽ വേഗത്തിൽ ശ്രദ്ധിക്കപ്പെടും. അതുപോലെ തന്നെ മോശം കാര്യങ്ങൾ നടന്നാലും വേഗത്തിൽ ശ്രദ്ധിക്കപ്പെടും. എന്നാൽ മോശം കാര്യങ്ങളാണ് അതി വേഗത്തിൽ പ്രചരിക്കുന്നത് എന്നു പറയേണ്ടതില്ലല്ലോ. ഇവിടെയുണ്ടായ ചില മോശം സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ഇത് ഒരു പ്രശ്ന ഇടവകയായി ചിത്രീകരിക്കപ്പെടുന്നതും പ്രചരിക്കുന്നതും. നമ്മുടെ അച്ചന്മാർപോലും ഈ ഇടവകയെക്കുറിച്ച് അങ്ങനെയാണു ചിന്തിക്കുന്നത്. ആ പേരുദോഷമൊന്നു മാറ്റിയെടുക്കാൻ നമ്മൾ ഒരുമിച്ചു പരിശ്രമിക്കേണ്ടതുണ്ട്.

വികാരിയച്ചന്മാർ വന്നുപോകും. അഞ്ചോ ആറോ കൊല്ലം അവർ ഒരിടവകയിൽ ഉണ്ടാകും അവരോടു വഴക്കു കൂടിയിട്ടും അവരെ മോശമായി ചിത്രീകരിച്ച് നോട്ടിസിറക്കിയിട്ടും ഒരു പ്രയോജനവുമില്ല. അങ്ങനെ ഉണ്ടാക്കാൻ നോക്കുന്ന പേരുദോഷമൊന്നും അവരുടെ കൂടെ പോകില്ല. മറിച്ച്, അച്ചനെ വിഷമിപ്പിച്ചവരും അച്ചനെതിരെ മുദ്രാവാക്യം മുഴക്കിയവരും അച്ചനെതിരെ നോട്ടീസിറക്കിയവരും എന്ന ചീത്തപ്പേര് ഇടവകയ്ക്ക് സ്വന്തമായിരിക്കുകയും ചെയ്യും. മാത്രവുമല്ല ആ അച്ചനെ വിഷമിപ്പിക്കണ്ടായിരുന്നു, അതു തെറ്റായിപ്പോയി എന്ന് അതിന് നേതൃത്വം കൊടുത്തവർ വിഷമത്തോടെ പിന്നീടിരുന്നു ചിന്തിക്കുകയും ചെയ്യും. ഒരച്ചനും ഒരിടവകയെ നശിപ്പിക്കാനായിട്ടു വരുന്നില്ലെന്നും, ഒരച്ചനും കൈക്കാരന്മാരോടോ കൗൺസിലിനോടോ ആലോചിക്കാതെ ഒന്നും ചെയ്യില്ലെന്നുമുള്ള സാമാന്യ അറിവെങ്കിലും നമ്മൾ വച്ചു പുലർത്തണം.

എല്ലാ ഇടവകയിലും തന്നെ ചെറുതും വലുതുമായ പ്രശ്നങ്ങളുണ്ട്. അവ - മാതൃഇടവകയിൽ നിന്ന് ഇടവകകൾ തിരിയുമ്പോഴാകാം, കൗൺസിലേഴ്സിന്റെയോ കൈക്കാരന്മാരുടെയോ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാകാം, പണം കൈകാര്യം ചെയ്യുമ്പോഴാകാം, പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചാകാം, കുടുംബയൂണിറ്റുകൾ രൂപീകരിക്കുന്നതോ ഉള്ളവ വിഭജിക്കുന്നതോ സംബന്ധിച്ചാകാം. പഴയ കൗൺസിൽ അംഗങ്ങൾക്ക് പുതിയ കൗൺസിൽ അംഗങ്ങളുടെ പ്രവർത്തനം ഇഷ്ടപ്പെടാത്തതുകൊണ്ടാകാം, പുതിയ വികാരിയച്ചനെക്കാൾ പഴയ വികാരിയച്ചനെ ഇഷ്ടപ്പെടുന്നതുകൊണ്ടാകാം - അങ്ങനെ പ്രശ്നങ്ങളുണ്ടാകാനും ഉണ്ടാക്കാനും എത്ര എത്ര കാരണങ്ങൾ. അതെല്ലാം അതത് ഇടവകകളിൽ തന്നെ തീരണം. അല്ലാതെ നോട്ടീസടിച്ചും സമരം ചെയ്തും മീഡിയയിലൂടെ മാലോകരെ മുഴുവൻ അറിയിക്കുകയല്ല വേണ്ടത്. ഹൈവേ സൈഡിലുള്ള ദേവാലയമാക കൊണ്ട് ഓരോന്നും കണ്ടും കേട്ടും പോകുന്ന വഴിയാത്രക്കാരും, ഇവിടെ വന്നു പോകുന്ന നാനാജാതി മതസ്ഥരായ തീർത്ഥാടകരും ഈ ഇടവകയുടെ സൽപ്പേരാണെങ്കിലും ദുഷ്പേരാണെങ്കിലും ലോകത്തിന്റെ എല്ലാ ഭാഗത്തിലും എത്തിക്കുന്ന കാരിയേഴ്സ് (സംവാഹകർ) ആണ്. നമുക്ക് നമ്മുടെ പള്ളിയെക്കുറിച്ചും ഇടവകയെക്കുറിച്ചും നല്ല വാർത്തകൾ മാത്രം കൈമാറുന്നവരാകാം. നല്ലതല്ലാത്ത കാര്യങ്ങൾ അങ്ങനെ അറിയിച്ചാൽ നമ്മൾ നമ്മളെ തന്നെ അപമാനിക്കുകയാണ് ചെയ്യുന്നത്. അതിനേക്കാളുപരി തമ്പുരാന്റെയും പുണ്യവാളന്റെയും മഹത്വമാണ് നമ്മൾ കെടുത്തിക്കളയുന്നത് എന്നതും ഓർക്കണം.

കുറച്ചു കാര്യങ്ങളൊക്കെ അവിടെ ഈ കാലയളവിൽ ചെയ്യാൻ കഴിഞ്ഞു. പഴയ പള്ളിയുടെ നവീകരണം, ആദ്യത്തെ പള്ളി നിത്യാരാധന ചാപ്പലാക്കൽ, തെക്കെ പള്ളിയുടെ നവീകരണം, പുതിയ പള്ളിയ്ക്ക് നമ്പർ ഇടീക്കൽ, പള്ളിയോട് ചേർന്ന് ഒരേക്കർ ഭൂമി വാങ്ങൽ, മാർക്കറ്റിൽ കുരിശിനടുത്ത് 5 സെന്റ് ഭൂമി വാങ്ങൽ, തോപ്പിൽ പള്ളിക്ക് അവകാശമായി അഞ്ചു കോടി രൂപ കൊടുത്ത് ആ പള്ളിയുമായുള്ള തർക്കം തീർക്കൽ, എൽ. പി. സ്കൂൾ കെട്ടിടം പുതുക്കി പണിയൽ, പാലാരിവട്ടം ഭൂമിയുമായി ബന്ധപ്പെട്ട കേസ് തീർത്തു ഭൂമി വിടുവിച്ചെടുക്കൽ സ്കൂളുകളിലെ ക്ലാസ്സ് മുറികൾ സ്മാർട്ട് റൂമുകളാക്കൽ, പള്ളിയുടെ എല്ലാ ഭൂമിയുടെയും കരം അടച്ച് രേഖകളും ആധാരങ്ങളും കൃത്യമാക്കൽ (തണ്ടപ്പേരു മാറ്റാത്തതും, പോക്കുവരവും നടത്താത്തതും കരം അടക്കാത്തതുമായ എല്ലാം അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.) എല്ലാം ഈ കാലഘട്ടത്തിലാണ് ചെയ്തത്. കൂടാതെ ഹോസ്പിറ്റലുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളാണ് - ICU, CCU, ഡയാലിസിസ് യൂണിറ്റ്, ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, മറ്റേണിറ്റി വാർഡ്, പീഡിയാട്രിക് വാർഡ്, ഡോക്ടേഴ്സ് കൺസൾട്ടിംഗ് റൂംസ് തുടങ്ങി

യവയുടെ നിർമ്മാണവും നവീകരിക്കലും കാലപഴക്കം വരുന്ന പല മെഷീനുകളും മാറ്റി പുതിയവ സ്ഥാപിച്ചു. പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിച്ചു. എട്ടു കോടിയുണ്ടായിരുന്ന കടം മൂന്നു കോടിയായി കുറച്ചു. എന്നാൽ ഇതെല്ലാം ചെയ്തത് ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്ന കൗൺസിൽ അംഗങ്ങളും കൈക്കാരന്മാരുമാണ്. ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനൊക്കെ ഞാൻ അനുവാദം നല്കി എന്നു മാത്രം.

വിശ്വാസമേഖലയിൽ ഞാൻ കുറെ ശ്രദ്ധ കൊടുത്തിട്ടുണ്ട്. വിശ്വാസ പരിശീലനത്തിനും, കൊച്ചുകുട്ടികളെ പള്ളിയോടടുപ്പിച്ചു നിർത്തുന്നതിനും, കുടുംബയൂണിറ്റ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനും കുടുംബങ്ങളുമായി ബന്ധപ്പെട്ടു നില്കുന്നതിനും ഒക്കെ. അവയൊക്കെയേ നിലനിൽക്കുകയുള്ളു എന്നു ചിന്തിക്കുന്ന ആളാണ് ഞാൻ. ഈ കാലത്തെ അനുഭവം വച്ച് എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും - ഇത് ശാശ്വതമായതും നല്ല ഒരു വിശ്വാസ സമൂഹം നിലനിൽക്കുന്നതുമായ ഒരിടവകയാണ്. ഞാൻ പോരുന്ന സമയത്ത് അത് നമ്മുടെ ഫൊറോനയിലെ അച്ചന്മാരുടെ കൂട്ടായ്മയിലും പറയുകയുണ്ടായി. ധാരാളം പേർ ദൂരെനിന്ന് എന്നെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അതുകൊണ്ടാണ് എന്നു ഞാൻ വിശ്വസിക്കുന്നു; എനിക്ക് ഇവിടെ ഒരു തലത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല, ഒരുവിധ ടെൻഷനും ഉണ്ടായിട്ടില്ല.


ഞാൻ ഇവിടെ ആയിരുന്ന കാലത്താണ് നാലു തിരുപ്പട്ടസ്വീകരണവും ഒരു സിസ്റ്ററിന്റെ സഭാവസ്ത്ര സ്വീകരണവും നടന്നത്. അതും ഒരു ഭാഗ്യമായി ഞാൻ കാണുന്നു. അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവിനോടും ഇടവകയിലെ എല്ലാ അച്ചന്മാരോടും ഇടവകയിലെ എല്ലാ സിസ്റ്റേഴ്സിനോടും നിങ്ങൾ നൽകിയ സഹകരണത്തിനും, പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും നന്ദി പറയുന്നു. എന്നോടൊപ്പം ഉണ്ടായിരുന്ന കൈക്കാരന്മാരോടും കൗൺസിൽ അംഗങ്ങളോടും ഞാൻ എന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. കൂടാതെ സെൻട്രൽ കമ്മറ്റി, മതാദ്ധ്യാപകർ, പ്രസുദേന്തിമാർ, ലൈത്തോരന്മാർ, സംഘടനകൾ, ഗായകസംഘം, അൾത്താര ശുശ്രൂഷകർ, പള്ളി ഓഫീസ് സ്റ്റാഫ്, സിസ്റ്റേഴ്സ്, ഡീക്കൻസ്, കൊച്ചച്ചന്മാർ എല്ലാവരോടും എന്റെ നന്ദി അറിയിക്കുന്നു. എല്ലാവരും കൂടിയാണ് എന്റെ ശുശ്രൂഷാജീവിതം എളുപ്പമുള്ളതും സന്തോഷപൂർണ്ണവും ആക്കിയത്. എല്ലാറ്റിനെയും ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. വി. ഗീവർഗ്ഗീസ് സഹദായുടെ മാദ്ധ്യസ്ഥ്യം നിങ്ങളോടും നിങ്ങളുടെ കുടുംബങ്ങളോടും നിങ്ങളെടുക്കുന്ന എല്ലാ പരിശ്രമങ്ങളോടും ഒപ്പം ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുന്നു. ഈ കാലയളവിൽ ഇടവകയിൽ നിന്നു മരണമടഞ്ഞ എല്ലാവരുടെയും ആത്മാക്കൾക്കു നിത്യശാന്തി പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും നല്ലതുവരട്ടെ എന്നാശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം
**ഫാ. കുര്യാക്കോസ് ഇരവിമംഗലം**
നിങ്ങളുടെ വികാരിയച്ചൻ
13.03.2021

# അറിയിപ്പുകൾ

സഹദാ പാരീഷ് ബുള്ളറ്റിനിലേക്ക് രചനകൾ, സംഘടനകളുടെ റിപ്പോർട്ടുകൾ, കുടുംബയോഗ വിവരങ്ങൾ എന്നിവ നൽകുന്നവർ പഴയ പള്ളിയുടെ വലതുവശത്തായി (വെഞ്ചരിപ്പ് നടക്കുന്ന സ്ഥലത്തിനടുത്ത്) പ്രത്യേകമായി വെച്ചിരിക്കുന്ന സഹദാ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. രചനകൾ, റിപ്പോർട്ടുകൾ എന്നിവ പ്രസിദ്ധീകരണത്തിന് ഒരു മാസം മുമ്പെങ്കിലും നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ലേഖനങ്ങൾ രണ്ടു പേജിൽ കവിയരുത്.



# വി. ഡൊമിനിക് സാവിയോ

## (മെയ് 6)

വിശുദ്ധരുടെ ഗണത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തികളിൽ ഒരാളാണ് വി. ഡൊമിനിക് സാവിയോ. ഈ ലോകത്തിലെ വിശുദ്ധന്റെ ജീവിതകാലം കേവലം പതിനഞ്ചു വർഷങ്ങൾ മാത്രം (1842 - 1857)

ഇറ്റലിയിലെ റീവ എന്ന ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിലാണ് വിശുദ്ധന്റെ ജനനം. ചാൾസ് - ബ്രീജിത്ത ദമ്പതികളുടെ പുത്രനായ അദ്ദേഹം ഒരു പ്രത്യേക സ്വഭാവക്കാരനായിരുന്നു. പ്രായത്തിൽ കവിഞ്ഞ പക്വതയും വിവേകവും നന്നേ ചെറുപ്പം മുതൽ അദ്ദേഹത്തിനുണ്ടായിരുന്നു. വീട്ടുജോലികളിൽ കുടുംബത്തെ സഹായിച്ചിരുന്നു. വൈകുന്നേരങ്ങളിൽ തൊഴിൽ കഴിഞ്ഞുവരുന്ന പിതാവിന്റെ കൈകളിൽ പിടിച്ച് പറയും 'അപ്പൻ എനിക്കുവേണ്ടി ഒത്തിരി കഷ്ടപ്പെടുന്നുണ്ടല്ലോ. നല്ല കുട്ടിയായി ഞാൻ വളരാനും അപ്പനും അമ്മക്കും നല്ല ആരോഗ്യം ഉണ്ടാകാനും ഞാൻ ദൈവത്തോട് പ്രത്യേകം പ്രാർത്ഥിക്കും.' നാലു വയസ്സുമുതൽ വീട്ടിലെ പ്രാർത്ഥനകാര്യങ്ങളിലെല്ലാം മുൻപന്തിയിലായിരുന്നു.

ഏഴാമത്തെ വയസ്സിൽ വിശുദ്ധ കുർബാന സ്വീകരണധ്യാനത്തിൽ ചില പ്രതിജ്ഞകൾ എടുത്തു. അവ താഴെ പറയുന്നു. ഇത് എല്ലാ കുട്ടികൾക്കും മാതൃകയാക്കാവുന്നതാണ്.

1. ഞാൻ അടുത്തടുത്ത് കുമ്പസാരിക്കും.
2. കുമ്പസാരിക്കുന്ന വൈദികൻ അനുവദിക്കുന്നതിനനുസരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കും. (ആ കാലങ്ങളിൽ ഇന്നത്തെപ്പോലെ ദിവസവും കുർബാന സ്വീകരണത്തിന് അനുവാദം ഉണ്ടായിരുന്നില്ല.)
3. കടമുള്ള ദിവസങ്ങൾ ഞാൻ വിശുദ്ധമായി ആചരിക്കും.

4. ഈശോയും മറിയവും എന്റെ സ്നേഹിതരായി രിക്കും.

5. പാപത്തെക്കാൾ ഭേദം മരണം.

ഒരിക്കൽ ഒരു രോഗിക്ക് വിശുദ്ധ കുർബാന കൊടുക്കുവാനായി വൈദികൻ നടന്നുവരുന്നത് അകലെ നിന്നു കണ്ട ഡൊമിനിക് സാവിയോ വഴിയ രികിൽ മുട്ടുകുത്തി നിന്നു. അടുത്തു നിന്ന ആളി നോടും മുട്ടുകുത്തി നിൽക്കാൻ ആവശ്യപ്പെട്ടു. മുട്ടു കുത്തുവാൻ ശങ്കിച്ചു നിന്ന ആളിന് തന്റെ തൂവാല വിരിച്ചുകൊടുത്തു. അങ്ങനെ വി. കുർബാനയോട് തന്റെ ഭക്തിയും ബഹുമാനവും വിളിച്ചറിയിക്കുന്ന തായിരുന്നു ആ സംഭവം.

1854-ൽ അദ്ദേഹം പൗരോഹിത്യ പഠനത്തിനു വേണ്ടി ട്യൂറിനുള്ള ഡോൺ ബോസ്ക്കോയുടെ ഓററ റിയിൽ ചേർന്നു. അവിടെ ഡോൺ ബോസ്ക്കോയുടെ കണ്ണിലുണ്ണിയായി. ആ വർഷത്തിലാണ് മാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി മാർപ്പാപ്പ പ്രഖ്യാപി ച്ചത്. ഈ ആഘോഷങ്ങൾ കഴിഞ്ഞപ്പോൾ ഡൊമിനിക് സാവിയോ പറഞ്ഞു. "ഓ മറിയമേ, എന്റെ ഹൃദയം അങ്ങേക്കു തരുന്നു. അത് എന്നും നിന്റെതായി സൂക്ഷിക്കണമെ." 1956-ൽ അദ്ദേഹം സൊഡാലിറ്റി സ്ഥാപിച്ചു.

ഓററ്ററിയിൽ കുട്ടികൾ തമ്മിലുണ്ടായ വഴക്കു കളും അടിപിടി കേസുകളും ഡൊമിനിക് സാവിയോ യുടെ മദ്ധ്യസ്ഥതയിൽ തീർക്കുകയായിരുന്നു പതിവ്. അതിന്റെ പല ദൂഷ്യഫലങ്ങളും അദ്ദേഹം സന്തോഷത്തോടെ സ്വീകരിച്ചിരുന്നു.

ചെറുപ്പം മുതൽ വിശുദ്ധിയിൽ ജീവിച്ചിരുന്ന ആ ബാലന് ഈ ലോകജീവിതം അധികകാലം ഉണ്ടായി രുന്നില്ല. ഓററ്ററിയിൽ വന്നപ്പോൾ തന്നെ അദ്ദേഹം ക്ഷീണിതനായിരുന്നു. അവിടെയുള്ള മൂന്നു വർഷത്തെ ജീവിതം അദ്ദേഹത്തെ കൂടുതൽ ക്ഷീണിതനാക്കി. ഡോൺ ബോസ്ക്കോയുടെ സ്നേഹിതനായ ഡോക് ടർ വല്ലൗരി സാവിയോയെ പരിശോധിച്ചശേഷം പറ ഞ്ഞു. കുട്ടിയുടെ ജീവിതശൈലി മാറുന്നത് നന്നാ യിരിക്കും. വളരെ വിഷമത്തോടെ ബാലൻ വീട്ടിലേക്ക് പോയി. വളരെ ഭക്തിയോടെ ആ ബാലൻ മരണത്തി നൊരുങ്ങി. 1857 മാർച്ച് 9-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1954 ജൂൺ 12ന് മാർപ്പാപ്പ ഈ പതി നഞ്ചുകാരനെ വിശുദ്ധനായി പ്രഖ്യാപിച്ചു. മെയ് 6-ന് വിശുദ്ധന്റെ ദിനമായി കത്തോലിക്കാ സഭ ആച രിക്കുന്നു.

**ജോയ് മണ്ണുകോട്ടയിൽ**
സെന്റ് ഫ്രാൻസിസ് അസ്സീസി യൂണിറ്റ്


# Sahada Advertisement Tariff



Size Color - 23x18cm (Full Page)
Back Cover - Rs. 6000, Back Inner, Front Inner-5000
Centre Spread 2 Pages - Rs. 6000/-
Single Page - Rs. 2500, Half Page - Rs. 1500
Cheque may be drawn in favour of
Parish Bulletin (Sahada) St. George Forane Church, Edappally
**പരസ്യങ്ങൾ** parishbullettinsahada@gmail.com **ലേക്ക് അയക്കുക.**
Advertisement payment can be made by credit to Federal Bank, Edappally branch,
A/c No. 11840100266069 of Parish Bulletin (Sahada), St. George Church, Edappally
IFSC FDRL0001184



# ഗോവണി

പ്രപഞ്ചം ഒരു പൂന്തോട്ടവും അതിലെ സന്തോഷ ജീവിതം ഒരു കലയുമാണ്. മെയ്‌വഴക്കമുള്ള അഭ്യാസിയെപ്പോലെ ഏതു പ്രതിസന്ധികളെയും തട്ടിത്തെറിപ്പിക്കാൻ പ്രാപ്തിയുള്ളവന് മാത്രമെ, എപ്പോഴും ആത്മസന്തോഷത്തോടെ ആയിരിക്കാൻ സാധിക്കൂ.

എല്ലാം ശരിയായ ദിശയിൽ പഠിക്കണമെന്ന് നാം പറയുമെങ്കിലും ചിലതൊക്കെ ശരിയെന്നു ധരിക്കുന്ന തെറ്റായ രൂപങ്ങളിൽ ഗ്രഹിച്ചു കഴിഞ്ഞു. സൗന്ദര്യം കൂട്ടണമെങ്കിൽ കുറഞ്ഞതിനെ മുറിച്ചു മാറ്റുകയോ, മറച്ചു വയ്ക്കുകയോ ചെയ്യുന്നതാണ് ശരിയെന്നു നാം ധരിച്ചു വച്ചിരിക്കുന്നു.

നന്മയിൽ ചരിക്കാൻ, തിന്മയാകാൻ സാദ്ധ്യതയുള്ളതിനെ നിഗ്രഹിക്കുന്നതാണ് ശരിയെന്ന ധാരണ തെറ്റല്ലെ? മുതിർന്നവർക്കു സ്വാതന്ത്ര്യം കിട്ടാൻ കുട്ടികളില്ലാത്തതാണ് നല്ലതെന്ന് ചിന്തിക്കുന്നതും മ്ലേച്ഛകരം തന്നെ.

നമ്മിൽ താണ നിലവാരം ഉള്ളവൻ അടുത്തു വരാതിരിക്കാൻ ചുറ്റുമതിലുകൾ പണിയുന്നതും തെറ്റല്ലെ? ഭൂരിപക്ഷത്തിന് തന്നിഷ്ടം കാണിക്കാനും സ്വതന്ത്രമായി ചരിക്കാനും ന്യൂനപക്ഷത്തെ തല്ലി ഓടിക്കണമെന്ന് ചിന്തിക്കുന്നതും എത്ര പൈശാചികം.

ഒരു പൂന്തോപ്പിലെ പുഷ്പം കണക്കെ സർവ്വ മതങ്ങളും ഒന്നിച്ച് താമസിക്കുന്നിടങ്ങളിൽ ഏകഭാഷയും ഏകമതവും അടിച്ചേൽപ്പിക്കണമെന്ന മോഹം നാനാത്വത്തിൽ ഏകത്വമെന്ന വിശ്വപ്രസിദ്ധ ആശയത്തിന് വിപപരീതമല്ലേ. കരുത്തു കൂടിയവൻ കരുത്തു കുറഞ്ഞവനെ ഇടിച്ച് വീഴിക്കാൻ മോഹിക്കുന്നത് മൃഗീയഭാഷയല്ലെ?


പൂർവീകർ ഇങ്ങനെ ചിന്തിച്ചിരുന്നെങ്കിൽ ഇന്നു കാണുന്ന പലരും, നമ്മൾ പോലും ഉണ്ടാകുമായിരുന്നില്ല. സംസ്ക്കാരങ്ങളും ആചാരങ്ങളും നശിപ്പിക്കുന്നത് ഇങ്ങനെയാണ്.

ശാസ്ത്രവളർച്ചയും, പാണ്ഡിത്യവും, കരുത്തും, ആൾബലവും, ആത്മീയതയും കൂടുന്നതുകൊണ്ട് എളിമയല്ലെ ഉണ്ടാകേണ്ടത്. പകരം അഹന്ത ആയാൽ തട്ടി വീഴുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

ഉയർച്ചയ്ക്കു കാരണമായ അതേ ഗോവണിയാണ് തകർച്ചയ്ക്കും കാരണമാകുന്നത് എന്ന് ചിന്തിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ടൈറ്റാനിക്കിന്റെ കപ്പിത്താനെപ്പോലെ ഒന്നിനോടും ഭയമില്ലാതെ മുന്നേറുമ്പോഴല്ലെ നമ്മളും ഇടറിവീഴുന്നത്. വടക്കുനോക്കിയന്ത്രത്തിൽ എന്നതുപോലെ ദൈവത്തിങ്കലേക്ക് നോക്കുന്നവൻ ഇടറിവീഴുന്നത് കുറവായിരിക്കും. ആയിരം കുതിരയ്ക്ക് കടിഞ്ഞാൺ ഇടാൻ മനുഷ്യന് പറ്റും. എന്നാൽ തന്റെ ചപല ചിന്തകളെ നിയന്ത്രിക്കാൻ പറ്റാത്തവൻ ചരടു പൊട്ടിയ പട്ടം കണക്കെ ചെന്നു വീഴുന്നത് ചെളിക്കുണ്ടിലായിരിക്കും. വീഴുന്ന പട്ടത്തിന് കുഴപ്പമില്ലായിരിക്കാം. എന്നാൽ പട്ടം പറത്തിയവനും, സൃഷ്ടിച്ചവരും കാണികളുമെല്ലാം ദുഃഖത്തിലാകുമെന്ന് ഉറപ്പാണ്.

ആശകളും ആർത്തികളും കടിഞ്ഞാണിലാക്കാനല്ലെ നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നത്. റോമാ ലേഖനം 13:11- പറയുംപോലെ. "നിദ്രവിട്ട് ഉണരേണ്ട സമയം ആയിരിക്കുന്നു." ശരീരത്തിന്റെ നിദ്രയല്ല. ആത്മാവിന്റെ നിദ്രയിൽ നിന്നാണ് നാം ഉണരേണ്ടതെന്ന്. ഈ നോമ്പുകാലം മൗനമായിട്ട് നമ്മോട് പറയുന്നുണ്ട്.

**വർഗീസ് കളപ്പുര**
സെന്റ് ഫ്രാൻസിസ് അസ്സീസ്സി യൂണിറ്റ്



ഡോ. ശാലിനി നായർ MBBS, DPM
(Consultant Psychiatrist)
Dept. of Psychiatry, MAJ Hospital, Edappally

# ഡിമെൻഷ്യ

അൽഷൈമർ അഥവാ മറവിരോഗത്തിന്റെ മൂർദ്ധന്യാവസ്ഥയാണ് ഡിമെൻഷ്യ. 60 വയസ്സിനുമേൽ പ്രായമുള്ളവരിലാണ് സാധാരണയായി മറവിരോഗം കണ്ടുവരുന്നത്. ഓർമ്മശക്തി ക്രമേണ കുറഞ്ഞുവന്ന് ദിനചര്യകൾ ചെയ്യുവാൻ പോലും കഴിയാത്ത അവസ്ഥയിലേക്ക് രോഗി എത്തിച്ചേരും. ചിലരിൽ 60 വയസ്സിനു മുൻപുതന്നെ മറവിരോഗം ആരംഭിക്കാറുണ്ട്.

പ്രായമേറുമ്പോൾ നമ്മുടെ തലച്ചോറിലെ ചില കോശങ്ങൾക്ക് ഉണ്ടാകുന്ന തകരാറുകളാണ് ഈ രോഗത്തിനു കാരണം. നാഡിവ്യൂഹം വഴി തലച്ചോറിലേക്ക് സന്ദേശങ്ങൾ എത്തുവാനുള്ള പ്രയാസമാണ് മറവി ഉണ്ടാക്കുന്നത്. പ്രമേഹം, ഹൃദ്രോഗം, പാരമ്പര്യം, അമിതവണ്ണം, ശിരസ്സിന് ഏൽക്കുന്ന ക്ഷതങ്ങൾ തുടങ്ങിയവ മറവിരോഗം ഉണ്ടാകുവാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

**രോഗലക്ഷണങ്ങൾ**

- ഓർമ്മശക്തി കുറയുക
- സമീപകാലത്ത് നടന്ന സംഭവങ്ങൾ മറന്നുപോകുക
- തീരുമാനങ്ങൾ എടുക്കാൻ സാധിക്കാത്ത അവസ്ഥ വരുക
- സമയവും സ്ഥലവും തെറ്റിപ്പോകുക
- ആളുകളെ ഓർമ്മിക്കാൻ കഴിയാത്ത അവസ്ഥ വരുക
- ദിനചര്യകൾ നിർവഹിക്കാനുള്ള പ്രയാസം നേരിടുക

- വാഹനം ഓടിക്കുക, പണമിടപാടുകൾ നടത്തുക, ഭക്ഷണം പാകം ചെയ്യുക തുടങ്ങിയ കാര്യങ്ങളിൽ പ്രയാസം നേരിടുക
- സ്വന്തം വികാരങ്ങൾ നിയന്ത്രിക്കാൻ പ്രയാസം ഉണ്ടാകുക
- തളർച്ച, മാനസിക പിരിമുറുക്കം, ഉറക്കകുറവ്

**ചികിത്സ**

ഡിമെൻഷ്യ എന്ന അവസ്ഥയിലേക്ക് എത്തുന്നതിനു മുമ്പുതന്നെ ചികിത്സ ആരംഭിക്കേണ്ടതുണ്ട്. എങ്കിലും മറവിരോഗം പൂർണ്ണമായി ഭേദമാക്കുവാൻ സാധിക്കുകയില്ല. അൽഷൈമർ രോഗികൾ തുടക്കത്തിൽതന്നെ ചികിത്സ തുടങ്ങിയാൽ രോഗലക്ഷണങ്ങൾ കുറയ്ക്കുവാനും രോഗം മൂർച്ഛിക്കുന്നത് തടയാനുമാകും. ഒരു വിദഗ്ധ ഡോക്ടറുടെ നിർദ്ദേശപ്രകാരമേ മരുന്നുകൾ ഉപയോഗിക്കാവു. രോഗിയുടെ പ്രായം, ശരീരഭാഗം, രോഗലക്ഷണങ്ങൾ എന്നിവ അടിസ്ഥാനമാക്കി ഡോക്ടർ വേണ്ടതായ നിർദ്ദേശങ്ങളും ചികിത്സകളും നിർദ്ദേശിക്കും.

പ്രാരംഭഘട്ടത്തിൽ ചികിത്സ തുടങ്ങിയില്ലെങ്കിൽ രോഗി ഡിമെൻഷ്യയിലേക്ക് എത്തുകയും മരുന്നുകൾ ഉപയോഗിച്ച് ഒന്നും ചെയ്യുവാൻ കഴിയാതെ വരുകയും ചെയ്യും. CT, MRI സ്കാനുകൾ വഴിയാണ് രോഗത്തിന്റെ അവസ്ഥ ഡോക്ടർ വിലയിരുത്തുന്നത്.

**രോഗിക്കുവേണ്ടി കുടുംബാംഗങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?**

കുടുംബാംഗങ്ങൾ രോഗിക്ക് മികച്ച പരിചരണം നൽകേണ്ടതുണ്ട്. ഡോക്ടർ നിർദ്ദേശിച്ചിരിക്കുന്ന ആരോഗ്യപ്രദമായ ആഹാരങ്ങളും മരുന്നുകളും രോഗിക്ക് കൃത്യസമയത്ത് നൽകേണ്ടതാണ്. രോഗിയുടെ ദൈനംദിന പ്രവർത്തനങ്ങളിലും വിനോദത്തിലും ശ്രദ്ധ ചെലുത്തേണ്ടതാണ്. വീഴ്ചകൾ ഉണ്ടാകാതെ സുരക്ഷിതമായ ജീവിതചുറ്റുപാടുകൾ ഒരുക്കിക്കൊടുക്കേണ്ടതാണ്. ബാത്ത്റൂമിലും മുറികളിലും നനവില്ലാതെ നോക്കേണ്ടതും വേണ്ടതായ വെളിച്ചം ഉണ്ടാകേണ്ടതും വളരെ പ്രധാനമാണ്. രോഗി വീടിനുപുറത്തേക്ക് പോകാതിരിക്കാനും ശ്രദ്ധവേണം. ഒരു ഐഡന്റിറ്റി കാർഡ്/ടാഗ് രോഗിയുടെ ശരീരത്തിൽ അണിയിക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. കുടുംബാംഗങ്ങളുടെ ഒരുമിച്ചുള്ള പരിചരണവും ശ്രദ്ധയുമാണ് അൽഷൈമർ/ഡിമെൻഷ്യ രോഗികൾക്ക് ഏറ്റവും പ്രധാനം.

## വി. കുർബാന സമയം ഇടവക ദേവാലയത്തിൽ

| | |
|---|---|
| തിങ്കൾ - വ്യാഴം, ശനി | 6.00 am, 7.00 am, 6.00 pm |
| വെള്ളി | 6.00 am, 7.00 am, 6.00 pm |
| ആദ്യവെള്ളി | 5.45 am, 7.00 am, 9.00 am, 10.30 am,<br>12.00 noon (Latin), 3.30 pm, 5.00 pm, 7.30 pm |
| ഞായർ | 5.45 am, 7.00 am, 8.45 am, 10.15 am,<br>4.30 pm (English), 5.30 pm, 7.00 pm |
| **വെഞ്ചിരിപ്പ് സമയം** | രാവിലെ 9.00 am - 1.00 pm,<br>ഉച്ചതിരിഞ്ഞ് 2.30 pm - 5.30 pm,<br>വൈകീട്ട് 6.45 pm - 8.00 pm |

* കുർബാന സമയങ്ങളിൽ വെഞ്ചിരിപ്പ് ഉണ്ടായിരിക്കുന്നതല്ല



Mappas restaurant



**MULTI CUISINE RESTAURANT**

Open From
8 AM - 11 PM



**A/C BANQUET HALL**

- Marriage Engagement Function
- Birthday Parties
- Baptism Parties
- Any other occasions

# IN THE HEART OF KOCHI AND READY TO STEAL YOUR HEART!

Hotel Rooms at Affordable Rates
Near Edapally

For Bookings "Scan the QR CODE"
Or visit : www.thechandys.com




THE Chandy's
yourhotelpeople

facebook.com/hotelchandys | instagram.com/chandyshotel

Behind Changampuzha Park Metro Station
Devankulangara, Mamangalam, Edappally, Kochi

PHONE: (+91) 484 233 7878
(+91) 8078 222 000

POLYCAB
*Connection Zindagi Ka*

## Experience the world class electrical solutions for modern living at Polycab Galleria



**Address:** Polycab India Limited
Pathicheril Enclave, 25/578C, Metropillar 329, Near South
Kalamassery, Ernakulam - 682033 | Phone No : 0484-2803285

Visiting Hours: 10:00 AM to 06:00 PM

POLYCAB

*Connection Zindagi Ka*

# Plug into a world of Electrical Solutions



Polycab is a leading company in the electrical industry with a glorious track record since 1978. Polycab's competitive edge lies in product innovation, superior quality and state - of - the art manufacturing and warehousing units at over 24 locations to ensure ready availability of products.

To explore Polycab's wide range of electrical solutions

| | | |
|---|---|---|
| Please visit our website | : | www.polycab.com |
| For business enquiry | : | enquiry@polycab.com |
| Toll free number | : | 1800 267 0008 |



CABLES & WIRES



LIGHTING & LUMINAIRES



SWITCHES & SWITCHGEAR



SOLAR



FANS & APPLIANCES



uPVC CONDUITS & FITTINGS



CABLE GLANDS & LUGS



PUMPS


BETTER & SAFE
METex
Finished To
Perfection
METex
Secuire with the power of steel
STEEL DOORS &
STEEL WINDOWS
9037020070



**ലില്ലി ബാബു ജോസ്**
ഓൾ സെയ്ന്റ്സ് യൂണിറ്റ്

# പിടിയും കോഴിക്കറിയും

## പിടി

**ചേരുവകൾ**

| | |
|---|---|
| അരിപ്പൊടി വറുത്തത് (പുട്ടിന്റെ പാകത്തിന്) | - അര കിലോ |
| തേങ്ങ ചിരകിയത് | - ഒന്നേ കാൽ |
| വെളുത്തുള്ളി | - രണ്ട് അല്ലി |
| ജീരകം | - രണ്ട് ടീസ്പൂൺ |
| ഉപ്പ് | - പാകത്തിന് |
| വെള്ളം | - അരിപ്പൊടിയുടെ അളവിന്റെ ഇരട്ടി + ഒന്നരകപ്പ് |
| അരിപ്പൊടി വറുത്തത് | - ഒരു ടേബിൾസ്പൂൺ |

**പാകം ചെയ്യുന്നവിധം**

വറുത്ത അരിപ്പൊടിയും ഒരു തേങ്ങാ ചിരകിയതും യോജിപ്പിച്ച് 30 മിനിട്ട് വയ്ക്കുക. അരിപ്പൊടിയുടെ ഇരട്ടി വെള്ളവും ജീരകം ചതച്ചതും, വെളുത്തുള്ളി അരച്ചതും പാകത്തിന് ഉപ്പും തിളപ്പിക്കുക. തേങ്ങയുമായി യോജിപ്പിച്ചു വച്ചിരിക്കുന്ന അരിപ്പൊടിയിലേക്കു ഈ തിളയ്ക്കുന്ന വെള്ളം ചേർത്ത് ആദ്യം ഒരു സ്പൂൺ കൊണ്ടും പിന്നീട് കൈ ഉപയോഗിച്ചും 10 മിനിട്ട് കുഴയ്ക്കുക.

ഇത് ചെറു ചൂടോടെ ചെറിയ ഉരുളകളാക്കി വറുത്ത അരിപ്പൊടി വിതറിയ പാത്രത്തിൽ നിരത്തുക.

തിളപ്പിച്ച വെള്ളം ബാക്കിയുണ്ടെങ്കിൽ അതിലേയ്ക്ക് ഒന്നരകപ്പ് വെള്ളത്തിൽ ഒരു ടേബിൾ സ്പൂൺ വറുത്ത അരിപ്പൊടി കലക്കിയതും ബാക്കി കാൽ മുറി തേങ്ങാചിരകിയതും ചേർത്ത് തിളപ്പിക്കുക.

ഉരുട്ടി വച്ചിരിക്കുന്ന ഉരുളകൾ ഓരോന്നായി ചേർത്ത് തിളപ്പിക്കുക. ഉരുള നികക്കെ വെള്ളം ഒഴിച്ചിട്ട് 5 മിനിറ്റ് തിളച്ച ശേഷമേ ഇത് ഇളക്കുവാൻ പാടുള്ളൂ. ചാറ് വറ്റി കുറുക്കിന്റെ പാകമാകുമ്പോൾ വാങ്ങുക. വറുത്തരച്ച കോഴിക്കറിയുടെ കൂടെ ഉപയോഗിക്കുക.

## *വറുത്തരച്ച കോഴിക്കറി*

**ചേരുവകൾ**

| | |
|---|---|
| ചിക്കൻ | - ഒരു കിലോ |
| ചെറിയ ഉള്ളി | - 10 |
| സവാള നീളത്തിലരിഞ്ഞത് | - 2 വലുത് |
| തക്കാളി | - ഒന്ന് |
| ഇഞ്ചി ചതച്ചത് | - 2 ടേബിൾ സ്പൂൺ |
| വെളുത്തുള്ളി | - ഒരു കുടം |
| പച്ചമുളക് | - ആറ് |
| പെരുംജീരകം | - അര ടീസ്പൂൺ |
| ഗ്രാമ്പു | - ഒന്ന് |
| ഏലക്ക | - രണ്ട് |
| കറുവപ്പട്ട | - രണ്ട് കഷണം ചെറുത് |
| ഗരം മസാലപ്പൊടി | - ഒന്നര ടീസ്പൂൺ |
| കുരുമുളകുപൊടി | - അര ടീസ്പൂൺ |
| കറിവേപ്പില | - കുറച്ച് |
| ഉപ്പ് | - പാകത്തിന് |
| വെളിച്ചെണ്ണ | - നാലു ടേ. സ്പൂൺ |

**വറുത്തരയ്ക്കുന്നതിന്**

| | |
|---|---|
| തേങ്ങ ചിരകിയത് | - 250 ഗ്രാം |
| വെളുത്തുള്ളി | - 5 അല്ലി |
| മല്ലിപ്പൊടി | - രണ്ടു ടേ. സ്പൂൺ |
| കാശ്മീരി മുളകുപൊടി | - ഒരു ടേ. സ്പൂൺ |
| സാധാരണ മുളകുപൊടി | - ഒരു ടേ. സ്പൂൺ |
| മഞ്ഞൾപൊടി | - അര ടീസ്പൂൺ |
| വെളിച്ചെണ്ണ | - ഒരു ടേ. സ്പൂൺ |

**പാകം ചെയ്യുന്ന വിധം**

ചിക്കൻ വൃത്തിയാക്കി ഇടത്തരം വലിപ്പത്തിലുള്ള കഷണങ്ങളാക്കി വെള്ളം അല്പം പോലുമില്ലാതെ വാരി വയ്ക്കുക. കട്ടിയുള്ള ഒരു പാത്രത്തിൽ ഒരു ടേ. സ്പൂൺ വെളിച്ചെണ്ണ ഒഴിച്ച് ചിരകിവച്ചിരിക്കുന്ന തേങ്ങയിട്ട് ചെറുതീയിൽ 10-12 മിനിറ്റ് വറക്കുക. തുടർച്ചയായി ഇളക്കിക്കൊണ്ടിരിക്കണം. തേങ്ങ നിറം മാറുവാൻ തുടങ്ങുമ്പോൾ വെളുത്തുള്ളി ചേർത്ത് 2 മിനിട്ട് വറുക്കുക. ഗോൾഡൻ കളർ ആകുമ്പോൾ മല്ലിപ്പൊടി, രണ്ടുതരം മുളകുപൊടി, മഞ്ഞൾപൊടി എന്നിവ ചേർത്ത് ചെറുതീയിൽ വറക്കുക. മൂത്തമണം വരുമ്പോൾ അടുപ്പിൽ നിന്നും മാറ്റി വേറൊരു പാത്രത്തിലേയ്ക്കിട്ട് തണുക്കുമ്പോൾ മിക്സിയിൽ ആദ്യം വെള്ളം ചേർക്കാതെ പൊടിക്കുക. ഇതിലേയ്ക്ക് അല്പം വെള്ളവും ചേർത്തരച്ച് പാകത്തിന് ഉപ്പും ചേർത്തിളക്കി മുറിച്ച് വച്ചിരിക്കുന്ന ചിക്കനിൽ പുരട്ടി 30 മിനിറ്റ് വയ്ക്കുക.

ചുവടു കട്ടിയുള്ള ഒരു പാത്രത്തിൽ 5 ടേ. സ്പൂൺ വെളിച്ചെണ്ണ ചൂടാക്കി ചെറിയഉള്ളി രണ്ടാക്കി മുറിച്ചത്, സവാള നീളത്തിലരിഞ്ഞത് എന്നിവ വഴറ്റുക. അല്പം ഉപ്പും ചേർക്കുക. കളർ മാറുവാൻ തുടങ്ങുന്ന സമയത്ത് ചതച്ചു വച്ചിരിക്കുന്ന ഇഞ്ചി, വെളുത്തുള്ളി, രണ്ടായി പിളർന്ന പച്ചമുളക്, കറിവേപ്പില എന്നിവ ചേർത്ത് രണ്ടുമിനിറ്റ് വഴറ്റിയ ശേഷം മാരിനേറ്റു ചെയ്തു വച്ചിരിക്കുന്ന ചിക്കനും ചേർത്ത് വഴറ്റുക. അര കപ്പ് വെള്ളവും ചേർത്തിളക്കി മൂടി ചെറുതീയിൽ വേവിക്കുക.

പെരും ജീരകം, കറുവപ്പട്ട, ഗ്രാമ്പു, ഏലക്ക എന്നിവ പൊടിക്കുക.

കറി തിളയ്ക്കുന്ന സമയത്ത് തക്കാളി കഷണങ്ങളാക്കിയതു പൊടിച്ചു വച്ചിരിക്കുന്ന മസാലകളും, ഗരം മസാലയും ചേർത്തിളക്കി മൂടി 15 മിനിറ്റ് വേവിക്കുക.

15 മിനിട്ടിനു ശേഷം കുരുമുളകുപൊടിയും പാകത്തിന് ഉപ്പും അല്പം കറിവേപ്പിലയും ചേർത്ത് 5 മിനിട്ട് കൂടി തീയിൽ വയ്ക്കുക. വളരെ രുചിയുള്ള വറത്തരച്ച കോഴിക്കറി റെഡി.

# ഒരവസരം കൂടി

**ജോസഫ് മണ്ഡലത്തിൽ**
സെന്റ്. പയസ്സ് യൂണിറ്റ്



"മുന്തിരി ഞാൻ നട്ടു നിങ്ങൾക്കായ്
മുന്തിരിച്ചാറൊരുക്കിവച്ചു.....
എങ്കിലുമിക്കൈപുനീരല്ലേ
ദാഹശാന്തിയെനിക്ക് നല്കീ....."

മനുഷ്യ രക്ഷയ്ക്കായ് സ്വയം ബലി വസ്തുവായ് ഞാൻ
ഒന്നു നിത്യ സ്വർഗ്ഗം നിങ്ങൾക്കായ് തുറക്കുവാനായ്,
ആദിപാപപരിഹാരത്തിനായ് ഞാൻ,
സ്വയം ബലിയിലുരുകിയമർന്നു, ഒരുന്നാൾ, നിങ്ങൾക്കായ്,
ഒന്നു തിരികെ വരവിന്നവസരമേകിക്കൊണ്ട്,
പാപപങ്കിലമായൊരു ദേഹിയുമായ്,
വീണ്ടും വിരാജിക്കുന്നതെന്തേയീഭൂവിൽ മർത്ത്യാ നീ?
ആദി മാതാപിതാക്കന്മാരുടെ രക്ഷക്കായ് ഞാനേകി-
'നോഹ'യെന്നൊരു പെട്ടക സമുച്ചയത്തെ,
തോരാത്തൊരു പേമാരിയേകിനിൻ ശുദ്ധീകരണത്തിനായ് അന്നു ഞാൻ
ഇന്നിതാ വീണ്ടു മേകുന്നൊരു മഹാവിപത്തിനെ,
'കൊറോണ'യെന്നൊരു മഹാമാരിയെ, മഹാരോഗത്തെ,
നിങ്ങൾ തൻ മാനസാന്തരത്തിനായ്, നിങ്ങൾ തൻ രക്ഷക്കായ്,
ആ മഹാവിപത്തേകിയ, ഞാൻ തന്നെ പകച്ചു പോയ്,
നിങ്ങൾ തൻ അപേക്ഷാ പാത്രങ്ങൾ കണ്ടപ്പോൾ
തോന്നീ, കരുണയെന്നിൽ വീണ്ടും, പ്രിയജനത്തെ രക്ഷിക്കാനായ്
"ഞാൻ മനസ്സാകുന്നെങ്കിൽ" എന്ന പ്രാർത്ഥനയേകിയില്ലെ, നിങ്ങൾ എനിക്കായ്
എൻ ജനമേ കരുതൂ എൻ വാക്കിതവസാന മെന്ന്,
വെടിയൂ നിന്നന്തയെ... തുടച്ചു നീക്കൂ... തച്ചുടയ്ക്കൂ
ഈയഹങ്കാര മേലങ്കിയൊ മേൽചാട്ടയൊ നിന്നിൽ നിന്നായ്,
വയ്യെനിക്ക് അത്രമേൽ പീഠിപ്പിച്ചു, നിങ്ങളെന്നെ,

നിർദയം കുരിശിലേറ്റിയെൻ ഹൃദയം നിങ്ങൾ കീറിമുറിച്ചു
മർത്ത്യാ നീയോർക്കുക രക്തം നൽകി ഞാൻ, ഞാൻ രക്ഷിച്ച നിങ്ങളെന്നെ,
കൂരമ്പു കൊണ്ടേകി പീഠനങ്ങൾ, നന്ദിയില്ലാതെ, ചിന്തയില്ലാതെ
കുരിശേകി നിങ്ങൾ എനിക്കായ് നിർദാക്ഷിണ്യം
കുത്തിമുറിച്ചു, എൻ ഹൃദയത്തെ, നിങ്ങൾ, കരുണലേശമില്ലാതെ
നിങ്ങളെ സ്നേഹിച്ചുപോയെന്നൊരു കുറ്റത്തിനായ്,
എങ്കിലും, ഞാനെൻ പിതാവിനോടു പ്രാർത്ഥിപ്പു നിങ്ങൾക്കായ്
"അറിയാതെ ചെയ്തു പോയൊരപരാധത്തിനു, മാപ്പേകണേയെന്ന്
മതിയാനിക്കീപാഴ് വാക്കുകൾ, നിങ്ങളിൽ നിന്നായ്
എങ്കിലുമേകുന്നൊരവസരം കൂടി ഞാൻ നിങ്ങൾക്കായ്
ഇനിയൊരവസരം കൂടിയേകില്ലിന്നൊരു പ്രതിജ്ഞയുമായ്
യോഗ്യരല്ല മർത്ത്യാ നീ, ഇനിയൊരു ജന്മത്തിനായ്, സ്വർഗ്ഗ പ്രാപ്തിക്കായ്
ഇതാകാമൊരുപക്ഷെ മർത്ത്യർ കാംക്ഷിക്കുന്നയീ ലോകാവസാനവും.





# അപ്പൂപ്പനും കുഞ്ഞുമോളും

കുഞ്ഞുനാൾ മുതൽ കുട്ടിയെ സ്കൂളിൽ കൊണ്ടുപോയി വിടുന്നതും, തിരികെ കൊണ്ടു വരുന്നതും അപ്പൂപ്പനായിരുന്നു. കുറച്ച് മുതിർന്നപ്പോൾ അപ്പൂപ്പൻ വരുന്നത് കുട്ടിക്ക് നാണക്കേടും, കുറച്ചിലുമായി. ഇന്നത്തെ പോലെ വാഹനസൗകര്യങ്ങൾ അന്നില്ല കേട്ടോ. കുട്ടി എതിർക്കുവാൻ തുടങ്ങി. എന്നിട്ടും കുട്ടിയുടെ സുരക്ഷയോർത്ത് കൂടെ നടക്കാതെ ഇത്തിരി അകലത്തിൽ അപ്പൂപ്പൻ പിന്നാലെ പോകുമായിരുന്നു. ഇത് കണ്ണിൽ പെട്ട കുട്ടി സ്കൂളിന്റെ മുൻപിൽ വച്ച് എല്ലാരും കേൾക്കേ, എന്നെ കൊണ്ടുവിടാൻ വരരുത് എന്നല്ലേ പറഞ്ഞത് നാണം കെടുത്താൻ നടക്കുകയാണ് പിന്നാലെ' എന്നൊക്കെ പറഞ്ഞ് പരസ്യമായി അപമാനിച്ചു. പാവം അപ്പൂപ്പൻ ഒരക്ഷരം പോലും മിണ്ടാതെ, തോളിൽ കിടന്ന തോർത്തെടുത്ത് കണ്ണ് തുടച്ച് തിരികെ പോയി. ചെയ്തത് ശരിയായില്ല എന്ന് പലരും ഉപദേശിച്ചിട്ടും 'ക്ഷമിക്കണം' എന്നൊരു വാക്ക് കുട്ടി അപ്പൂപ്പനോട് പറഞ്ഞില്ല. പിന്നെ എപ്പോഴാണെന്നോ അപ്പൂപ്പനോട് എതിരു പറഞ്ഞതിന്റെയും, കളിയാക്കിയതിന്റെയും ഒക്കെ തെറ്റ് മനസ്സിലായത് ഈ ലോകത്ത് നിന്ന് അപ്പൂപ്പൻ വിടപറഞ്ഞ് പോയതിനു ശേഷം.

നാവാകുന്ന അസ്ത്രത്തിൽ നിന്നും നമ്മൾ അമ്പുകൾ തൊടുത്ത് വിടുമ്പോൾ അത് കൊള്ളുന്നവരുടെ ഹൃദയത്തിൽ ഉണങ്ങാത്ത മുറിവുകൾ ഉണ്ടാകുന്നു. നല്ലത് പറയാൻ പറ്റിയില്ലെങ്കിലും മിനിമം മൗനം പാലിക്കുകയെങ്കിലും ആകാം, ആധുനിക സൗകര്യത്തിന്റെ നന്മകൾ കൈവിടാതിരിക്കാം മനസ് കൊണ്ടും, പ്രവർത്തി കൊണ്ടും. തെറ്റുകൾ പറ്റാത്ത മനുഷ്യരില്ല അത് തിരുത്തുന്നതിലാണ് ദൈവികാനുഭവം.

**നൈസി അനിൽ പാലത്തിങ്കൽ**
ക്രിസ്തുവിഹാർ യൂണിറ്റ്



## ബ്രദേഴ്സ് കോർണർ

# സത്യത്തിലേക്കുള്ള ദൂരം നാല് ഇഞ്ച്

റാബിയ ബസരിയോട് ഒരാൾ ചോദിച്ചു "സത്യവും മിഥ്യയും തമ്മിലുള്ള വ്യത്യാസം എത്ര ദൂരം?"

"സത്യവും മിഥ്യയും തമ്മിൽ നാല് ഇഞ്ച് ദൂരമാണ് ഉള്ളത്." റാബിയ പറഞ്ഞു.

ഇതുകേട്ട് ചോദ്യകർത്താവിന് ഒന്നും മനസ്സിലായില്ല.

അയാൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടു.

"നാല് ഇഞ്ച് വ്യത്യാസമെന്നാൽ കണ്ണും ചെവിയും തമ്മിലുള്ള ദൂരമാണ്. കാണുന്നതാണ് സത്യം. കേട്ടു കേൾവി മിഥ്യയും."

ക്രിസ്തു ശിഷ്യൻ തോമസിനെ സംശയാലുവെന്ന് മുദ്ര കുത്തുമ്പോൾ ഒന്നു മാത്രം ഓർക്കുക. അവൻ മിഥ്യയിൽ നിന്ന് സത്യത്തിലേക്ക് നടക്കുകയായിരുന്നെന്ന്. ക്രിസ്തുവിന്റെ ഉത്ഥാനത്തെക്കാൾ ഒരുപടി കൂടി മുറിവുകളെ തേടുകയായിരുന്നു തോമസ്. സ്നേഹത്തിന്റെ മുറിവുകളെ.

തോമസ് ചോദിക്കുന്നത് ഒന്നു മാത്രം "ക്രിസ്തുവെ നീ നിന്റെ മുറിവുകൾ കാണിക്കൂ. എന്നിട്ട് ഞാൻ പറയാം നീ എന്നെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്ന്?" Show your wounds then I will say how much your love me?

ക്രിസ്തു ഉയർത്തെഴുന്നേറ്റുവെന്ന് അവരും ഇവരും പറയുന്നതല്ല തോമസിനാവശ്യം. താൻ തൊട്ടറിയുന്ന ഉത്ഥിതനെയാണ്. അത് സാധ്യമായതിനാലാണ് വിശ്വാസത്തിന്റെ പായികപ്പലുകയറി ഭാരതത്തിലേക്കു ക്രിസ്തുവിനെ പ്രതിഷ്ഠിക്കാനായത്. തിരുമുറിവുകൾ കണ്ട് ക്രിസ്തു സ്നേഹത്തിന്റെ ആഴവും ഉയരവും വീതിയും സുവ്യക്തമായതിനാലാണ് ചിന്നമലയിലെ എമ്പ്രാന്തിരിയുടെ കുന്തമുനകൾക്ക് ആ വിശ്വാസത്തെ തകർക്കാനാവാഞ്ഞത്.

തോമാസ് ശ്ലീഹായുടെ മക്കൾ എന്ന് ഘോഷിക്കുന്ന നമ്മുടെ ഇന്നത്തെ അവസ്ഥയെ ഒന്നു പരിശോധിച്ചു നോക്കാം. മീഡിയായിലൂടെയും വാട്സപ്പിലൂടെയും നാം കേൾക്കുന്നവ മിഥ്യയാണോ അത് സത്യമാണോ എന്നറിയാൻ തോമസിനെപ്പോലെ നാല് ഇഞ്ച് നാം നടക്കാറുണ്ടോ? നടക്കുന്നില്ലെങ്കിൽ മിഥ്യകളെ സത്യങ്ങളെന്ന് വളച്ചൊടിക്കും എന്നു മാത്രമല്ല പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കുമ്പോൾ തോമാസ് ശ്ലീഹായുടെ ക്രിസ്തു അനുഭവം ചോർന്നുപോകും. കൂടാതെ, ക്രിസ്തുവിനെപ്പറ്റി ആരെങ്കിലും പറഞ്ഞ അറിവു മാത്രമേ ഉള്ളൂവെങ്കിൽ നാം അവിശ്വാസികളാണ്. ഒരിക്കൽ ഒരു ഗുരുവിനോട് ഒരാൾ ചോദിച്ചു വിശ്വാസിയും അല്പവിശ്വാസിയും തമ്മിലുള്ള വ്യത്യാസമെന്താണ്. ഗുരു ഒരു കഥ പറഞ്ഞു. ഒരു പാമ്പിനെ കണ്ട് ഒരു നായ കുരയ്ക്കാൻ തുടങ്ങുന്നു. അല്പം കഴിഞ്ഞ് ആ കുര കേട്ട് മറ്റ് നായ്ക്കളും കുരയ്ക്കുന്നു. അല്പം കൂടി കഴിഞ്ഞപ്പോൾ കേട്ട് കുരയ്ക്കാൻ തുടങ്ങിയ നായ്ക്കൾ കുര അവസാനിപ്പിക്കുന്നു. എന്നാൽ ഒരു ഇടതടവും ഇല്ലാതെ പാമ്പിനെ കണ്ട് കുരയ്ക്കാൻ തുടങ്ങിയ നായ കുരച്ചുകൊണ്ടെയിരിക്കുന്നു. ഇതുപോലെ തങ്ങൾ കണ്ടെത്തിയ തൊട്ടറിഞ്ഞ ദൈവത്തെ പ്രഘോഷിക്കുന്നവനാണ് വിശ്വാസി. അവന്റെ പ്രഘോഷണത്തിന് ഇടതടവുണ്ടാവില്ല. എന്നാൽ അല്പവിശ്വാസി കേട്ടു കുരയ്ക്കുന്നവനെപ്പോലെ കുറച്ചു കഴിയുമ്പോൾ കളം കാലിയാക്കും.

നമുക്ക് ചിന്തിക്കാം വിശ്വാസി ആണോ അല്പവിശ്വാസിയാണോ? കൂടാതെ കേട്ടറിയുന്നവ സത്യമാണോ എന്നറിയാൻ നാല് ഇഞ്ച് ദൂരം സഞ്ചരിക്കാനുള്ള ചങ്കുറപ്പ് നമുക്കുണ്ടോ എന്ന് പരിശോധിക്കാം.

# നഷ്ടമാം
# പറുദീസ
# വീണ്ടെടുക്കാനായ്...



ഗദ്സേമൻ തോട്ടത്തിൽ ഗദ്ഗദകണ്ഠനായ്
ശാന്തനായ് ഏകനായ് യേശുനാഥൻ
ശോകമൂകമാം പൂങ്കാവനമതിൽ
സാഷ്ടാംഗം പ്രണമിച്ചു താതൻ തൻ സന്നിധിയിൽ

ആത്മസംഘർഷത്താൽ നീറുകയാണാമനം
അകതാരിൽ ആർത്തിരമ്പും കദനക്കടൽ
ആരോടു ചൊല്ലാനീ മൗന നൊമ്പരങ്ങൾ
ആരറിയുന്നീ അഴലിന്റെ ആഴത്തെ

കല്ലേറും ദൂരത്തായ് അരുമശിഷ്യരവർ
കടലോളം സ്നേഹമനുഭവിച്ചറിഞ്ഞവർ
നിദ്രതൻ നീരദ സ്വച്ഛ വിഹായസ്സിൽ
നിർമല സ്നേഹത്തിൻ വിലയേതുമറിയാതെ

ചങ്കിലെ വേദന സർവാംഗം പടർന്നപ്പോൾ
ചെന്നിണം വിയർപ്പുകണങ്ങളായ് മാറി
താതന്റെ പാദത്തികത്തിലാ ശരണാർത്ഥി
താണു വീണു കേണിതാ കരുണയ്ക്കായ്

താതനുമൊത്തു സംവദിച്ച മാത്രയിലാപുത്രൻ
ആത്മാവിൽ ശാന്തനായ് ശാന്തഗംഭീരനായ്
മനുഷ്യ കുലത്തിന്റെ പാപത്തിൽ വിലയായി
സ്വജീവനർപ്പിക്കാൻ ആത്മാനാ സന്നദ്ധനായ്

താതൻ തന്നിലർപ്പിച്ച ദൗത്യത്തിൽ ഔന്നത്യം
താതൻ തൻ മഹത്വമോ പുത്രനിൽ നിക്ഷിപ്തം
നഷ്ടമാം പറുദീസ വീണ്ടെടുത്തീടണം
സ്വർഗ്ഗ പിതാവിൻ സ്വപനമതല്ലയോ


വാളും വടിയുമായ് ബന്ധിക്കാനെത്തിയ കൂട്ടരെ
നീരസലേശമെന്യേ അഭിവാദനം ചെയ്തവൻ
ഒറ്റിയ തോഴനെപ്പോലും തെല്ലും പഴിക്കാതെ
'സ്നേഹിതാ' എന്നഭിസംബോധന ചെയ്തവൻ

ചമ്മട്ടിയടിയേറ്റ് ചെന്നിണം വാർന്നപ്പോൾ
ചങ്കൊരു പൊട്ടിയ പളുങ്കുപാത്രം പോലായ്
മുൾക്കിരീടം ചാർത്തി മരക്കുരിശുമേന്തീ ലോകൈകനാഥനിതാ
മാലോകർ മുൻപാകെ പരിഹാസപാത്രം പോൽ

നഗരവീഥിയൊരു മഹാജനസാഗരമായ് മാറി
നാരീഗണങ്ങളോ മിഴിനീർ പൂക്കളുതിർത്തു നിൽപ്പൂ നീളെ
അനുകമ്പാർദ്രമാം ആ സാന്ത്വന സാന്നിദ്ധ്യം
നാഥനു നൽകിയാവോളം ആശ്വാസം

അന്നോശാന നാളിൽ ജയ്‌വിളികളാലാനയിച്ചവർ തന്നെ
ഇന്നവനിൽ ചാർത്തുന്നു നിന്ദന ഹാരങ്ങൾ
കറയില്ലാ കുഞ്ഞാടിൻ കലർപ്പില്ലാ തിരുരക്തം
ഇപ്പോഴും കേഴുകായണാത്മാക്കൾ തൻ രക്ഷക്കായ്

**ഗ്രേസി കുര്യാക്കോസ് പാലയ്ക്കാപ്പിള്ളി**
ഹോളി ഏയ്ഞ്ചൽസ് യൂണിറ്റ്







# അടുക്കളയുടെ വർത്തമാനങ്ങൾ

അടുക്കളയെ സ്ത്രീയ്ക്ക് മാത്രം പറ്റിയ ഇടമായി കരുതുന്ന പാരമ്പര്യവാദികളെയും അപരിഷ്കൃത സമൂഹത്തെയും കണക്കറ്റു പരിഹസിക്കുന്ന ചിത്രമാണ് ജിയോ ബേബി സംവിധാനം ചെയ്ത The Great Indian Kitchen. സിനിമ കണ്ട് തീർന്നപ്പോൾ കണ്ടിടത്ത് നിന്ന് മനസ് നേരെ പോയത് അമ്മയിലേക്കാണ്.... അടുക്കളയിലേക്കാണ്... ഇഷ്ടമില്ലാത്ത ഒരു ഭക്ഷണം ഉണ്ടാക്കി മുന്നിൽ വച്ചു തന്നാൽ ഇന്നും ഇത് തന്നെയാണോ അമ്മേ ഉണ്ടാക്കിയേ? എളുപ്പപണി മാത്രമാണല്ലോ നോക്കുന്നേ? നിങ്ങൾക്ക് ഇവിടെ ശരിക്കും എന്താ പണി? ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുമ്പോളൊന്നും ഭക്ഷണം ഉണ്ടാക്കി തന്നതിന്റെ പിറകിലെ അമ്മയുടെ കഠിനാധ്വാനവും വിയർപ്പും ത്യാഗവുമൊന്നും ഞാൻ കാണാറില്ലായിരുന്നു. ഞാനെന്നല്ല, കേരളത്തിലെ ഒട്ടുമിക്ക മക്കളും അത് കാണാറില്ല.

കറി ഉണ്ടാക്കാൻ നാല് ചുവരുകൾക്കുള്ളിൽ ഓടുന്ന അമ്മയെപ്പറ്റി നാം ശരിക്കും ചിന്തിച്ചിട്ടുണ്ടോ? നാം ഉണരുന്നതിനും മുമ്പേ ഉറക്കമുണർന്ന് അലക്കുകല്ലുമായി മല്ലിടുന്ന അമ്മയെ എന്റെ ഷർട്ട് എവിടെ? ആ പുതിയ ഷർട്ട് തേച്ചോ എന്ന് ചോദിക്കുന്ന നമ്മളിൽ പലരും അറിയാൻ ശ്രമിച്ചിട്ടില്ല. ദുരിതപൂർണമായ ഇത്തരം കാഴ്ചകളെ അതിമനോഹരമായി ഈ ചിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. വീട്ടിലെ മാറ്റം അടുക്കളയിൽ നിന്നു തന്നെ ആരംഭിക്കണമെന്ന് വിളിച്ചുപറയുന്നുണ്ട് ഈ ചിത്രം.

ഓരോ പ്രഭാതത്തിലും ദേവാലയത്തിലർപ്പിക്കപ്പെടുന്ന ബലികളിൽ പുരോഹിതൻ കാസയും പീലാസയും ഉയർത്തി ഇതെന്റെ രക്തമാണ് ഇതെന്റെ ശരീരമാണെന്ന് പുരോഹിതൻ നമ്മെ നോക്കി അനുസ്മരിക്കുന്നതുപോലെ അടുക്കളയിൽ വച്ച് പാകപ്പെടുത്തിയവ ഭക്ഷണമേശയിൽ അമ്മ വിളമ്പുമ്പോൾ അവളും പറയുന്നുണ്ട്. "മകളെ ഇതാ എന്റെ ശരീരം ഇതാ എന്റെ രക്തം വാങ്ങി ഭക്ഷിക്കുവിൻ." ദിവ്യബലിയിൽ പങ്കെടുക്കുന്ന മനോഭാവം ഹൃത്തിൽ സൂക്ഷിച്ചില്ലെങ്കിലും അമ്മ അർപ്പിക്കുന്ന ഈ ജീവിതബലിയുടെ അർത്ഥം മറക്കാതിരിക്കാം.

"അറിഞ്ഞതിൽപ്പാതി പറയാതെ പോയി...
പറഞ്ഞതിൽപ്പാതി പതിരായും പോയി
പകുതി ഹൃത്തിനാൽ പൊറുക്കുമ്പോൾ നിങ്ങൾ
പകുതി ഹൃത്തിനാൽ വെറുത്തുകൊള്ളുക...
ഇതെന്റെ രക്തമാണിതെന്റെ
മാംസമാണെടുത്തുകൊള്ളുക." - (ചുള്ളിക്കാട്)



# ലീജി ജോൺ
## ഓർമ്മയാകുമ്പോൾ

'എറണാകുളം - അങ്കമാലി അതിരൂപതയുടെ കീഴിലെ ഇടപ്പള്ളി ഫൊറോന ദേവാലയം എന്നു സൂചിപ്പിക്കാം'. 2021 സഹദാ വാർഷിക കലണ്ടർ മുദ്രണം ചെയ്യുന്നതിനുമുമ്പ് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയച്ചു തരുവാൻ ലീജിയോട് ഞങ്ങൾ ആവശ്യപ്പെട്ടു. യാതൊരു താമസമോ മടിയോ കൂടാതെ മുകളിൽ പറഞ്ഞതടക്കം ഒൻപത് നിർദ്ദേശങ്ങൾ അതി വേഗത്തിൽ തന്നെ അയച്ചു തന്നു. മാധ്യമ പ്രവർത്തകർക്ക് ഏറ്റവും ആവശ്യം വേണ്ടത് സൂക്ഷ്മതയും വേഗതയും (speed & accuracy) മാണല്ലോ. അതിന്റെ പ്രകടമായ ഉദാഹരണമായിരുന്നു ലീജി.

'മരണം രംഗബോധമില്ലാത്ത കോമാളി'യാണ് എന്ന പതിവ് ക്ലീഷേക്കപ്പുറത്താണ് ലീജിയുടെ ജീവിതം. ദൈവത്തിന്റെ വിളിക്ക് ചെറുപ്രായത്തിൽ തന്നെ കാതോർക്കേണ്ടിവന്ന ലീജി, നമ്മുടെ ദേവാലയത്തിന്റെയും സെൻട്രൽ കമ്മിറ്റിയുടേയും പ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ സഹായിയായിരുന്നു. പ്രമുഖ മാധ്യമം ഇടപ്പള്ളി പള്ളിക്ക് അപ്രഖ്യാപിത വിലക്ക് ഏർപ്പെടുത്തിയ കാലത്ത് നമ്മുടെ വാർത്തകൾ പൊതുസമൂഹത്തിൽ എത്തിക്കാൻ അദേഹം പ്രത്യേക ശ്രദ്ധചെലുത്തി. ദേവാലയത്തിലെ ഈന്തപ്പനകൾ ഫലങ്ങൾ നൽകിയപ്പോഴും ദേവാലയത്തിന് ഒരു കുതിരയെ നേർച്ചയായി കിട്ടിയപ്പോഴും മാധ്യമ വാർത്തകളുടെ ഉറവിടം ലീജിയായിരുന്നു.

സ്ഥാനങ്ങളുടെ അലങ്കാരപദവികളോ, ഔന്നത്യമോ ഒരിക്കലും അദ്ദേഹത്തെ ആകർഷിച്ചിരുന്നില്ല. ലാളിത്യമായിരുന്നു പ്രധാന മുഖമുദ്ര. കരോൾ ഗാനമത്സരങ്ങൾക്ക് ദൃശ്യാത്മക വിവരണം നല്കാനും, യൂണിറ്റ് ഭാരവാഹികളുടെ സംഗമം നടക്കുമ്പോഴും ലീജിയുടെ ഒരു കൈയ്യൊപ്പ് ഉണ്ടായിരിക്കും. സഹദായിൽ 'വാർത്താലോകം' പരിപാടികളെ ആസ്പദമാക്കി ഒരു സ്ഥിരം പംക്തി തയ്യാറാക്കാൻ ഞങ്ങൾ ആലോചിച്ച നേരം ഞങ്ങളുടെ മുമ്പിൽ ഉണ്ടായിരുന്ന പേര് ലീജിയുടേതായിരുന്നു. ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചാൽ പിന്നെ തുടർന്നുള്ള അന്വേഷണങ്ങൾ ഒരിക്കലും ആവശ്യമായിരുന്നില്ല. ഞങ്ങൾക്ക് ആ കാര്യത്തിൽ അത്ര വിശ്വാസമായിരുന്നു. പോയ ലക്കം സഹദായിൽ വാർത്താലോകം തയ്യാറാക്കിയത് മരണക്കിടക്കയിൽ കിടന്നുകൊണ്ടായിരുന്നു.

പ്രമുഖ വാർത്താവതാരികയും ഡെൻ ടിവിയിലെ ലീജിയുടെ സഹപ്രവർത്തകയും ആയിരുന്ന രാജേശ്വരിയുടെ വാക്കുകൾ പകർത്തട്ടെ, 'ചെറിയ സമയം കൊണ്ട് നമ്മുടെ മനസ്സിൽ വലിയ ഇടം നേടുന്ന ചിലരുണ്ട്. അതിൽ ഒരാളായിരുന്നു ലീജി ജോൺ. സ്നേഹവും ഒപ്പം ബഹുമാനവും ഒരേ സമയം നമ്മിലേക്ക് പകർന്നിരുന്ന ഒരാൾ. സ്വതസിദ്ധമായ ആ പുഞ്ചിരിയിൽ വിനയവും കൂടി കലരുമ്പോൾ, അനിയാ എന്നു മനസ്സിൽ വിളിക്കാൻ തോന്നിപ്പിച്ച ഒരാൾ. ഡെൻ എംടി എന്നിലെ പ്രിയ സഹപ്രവർത്തകനായി കുറച്ചുനാൾ. എത്രയോ കാലത്തെ അടുപ്പം എന്ന്, കാണുന്ന മാത്രയിലുള്ള ആ പുഞ്ചിരിയിൽ തോന്നിപ്പിച്ചിരുന്ന ലീജി ജോൺ ഇനി ഇല്ല എന്ന അറിവ് വല്ലാതെ വേദനിപ്പിക്കുന്നു. പ്രിയ സഹപ്രവർത്തകൻ, സുഹൃത്തിന് സ്മരാണഞ്ജലി.'

## സ്മരണാഞ്ജലി



# തമ്പി

## നേരെവീട്ടിൽ

**(മുൻ ട്രസ്റ്റി)**

**ജനനം: 14.06.1953**

**മരണം: 24.04.2020**



R.I.P.

ഒന്നാം ചരമവാർഷികം

# ആനി ജോസഫ്

## കണ്ണംപുഴ

ജനനം 26-04-1943

മരണം 07-05-2020



# ഒന്നാം ചരമവാർഷികം



## ആൽബി ജോസഫ്

### പുതുശ്ശേരി

ജനനം : 22.02.1967 മരണം : 13.05.2020



5–ാം ചരമവാർഷികം



## എം.ജെ. ആന്റണി

**മാളിയേക്കൽ**

ജനനം: 10.08.1941

മരണം: 25.04.2016

1–ാം ചരമവാർഷികം



## അന്നക്കുട്ടി ജോസഫ്

**മാളിയേക്കൽ**

ജനനം: 14.09.1973

മരണം: 19.02.2020

# THANKS GIVING





**Vijay Siny**

**Alan Alina Alicia**

*In Loving Memory of*



# MJ THOMAS

## Maliyekkal

**BM Nagar, Edappally**

**Birth: 08.12.1951 | Death: 04.07.2019**

# സ്നേഹസ്മരണയ്ക്ക്





കണ്ഠത്തിൽ



**കുര്യാക്കോ ഔസേഫ്**

ജനനം : 30.05.1908
മരണം : 07.04.1988



**കെ. ഒ. ജോസഫ്**

ജനനം : 01.01.1939
മരണം : 18.01.2019

**റോസ ഔസേഫ്**

ജനനം : 20.08.1911
മരണം : 27.07.2007

---

# സ്നേഹസ്മരണയ്ക്ക്

2-ാം ചരമവാർഷികം

## ബൈജു എം. ജെ

## മലമ

**ജനനം : 17-03-1967**
**മരണം : 04-05-2019**





ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും..
(യോഹ 11 : 25)

പ്രാർത്ഥനയോടെ... കുടുംബാംഗങ്ങൾ

# സ്നേഹസ്മരണയ്ക്ക്





## കുര്യൻ വർക്കി    അന്നംകുട്ടി വർക്കി

## കണ്ടത്തിൽ

കണ്ടത്തിൽ കുടുംബാംഗങ്ങൾ

# ഇടവക വാർത്തകൾ

## പ്രഥമ ദിവ്യകാരുണ്യ സ്വീകരണം

കോവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ മൂന്നു ദിവസങ്ങളിലായിട്ടാണ് ഈ വർഷം പ്രഥമ ദിവ്യകാരുണ്യ സ്വീകരണം സജ്ജീകരിച്ചത്. 2020 ഡിസംബർ 31, 2021 ജനുവരി 2, 9 ദിവസങ്ങളിലായി 61 കുട്ടികൾ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചു.

## വി. സെബാസ്ത്യാനോസിന്റെ തിരുനാൾ

നമ്മുടെ ദേവാലയത്തിലെ തിരുനാൾ ആഘോഷം ജനുവരി 24 ഞായറാഴ്ച്ചയായിരുന്നു. രാവിലെ ആഘോഷമായ തിരുനാൾ പാട്ടു കുർബാനയും പ്രസംഗവും ഉണ്ടായിരുന്നു.

## ഉണ്ണിമിശിഹായുടെ തിരുനാൾ

തിരുന്നാൾ ആഘോഷം തെക്കെ പള്ളിയിൽ സമുചിതമായി ആഘോഷിച്ചു. ജനുവരി 31 ന് രാവിലെ ആഘോഷമായ ദിവ്യബലിയും പ്രസംഗവും ഉണ്ടായിരുന്നു. സാമൂഹ്യ നിയന്ത്രണങ്ങൾ ഉള്ളതിനാൽ തിരുനാൾ വളരെ ലളിതമായിട്ടാണ് ആഘോഷിച്ചത്.

## വൈദികരുടെ സ്ഥലം മാറ്റം

ആറു വർഷകാലത്തിനടുത്ത് നമ്മുടെ ദേവാലയത്തിൽ വികാരിയായി ശുശ്രൂഷ ചെയ്ത ഫാ. കുര്യാക്കോസ് ഇരവിമംഗലം കുറ്റിപ്പുഴ സെ: സെബാസ്റ്റ്യൻ ദേവാലയത്തിലേക്ക് സ്ഥലം മാറുകയാണ്. പാരിഷ് കൗൺസിൽ, സെൻട്രൽ കമ്മിറ്റി തുടങ്ങി ഭക്തസംഘടനകളും സ്ഥാപനങ്ങളും സമുചിതമായ യാത്രയയപ്പ് നല്കി. ഇടവകയുടെ യാത്രയയപ്പ് 7-ാം തിയതി ഞായറാഴ്ച്ച രാവിലെ ഏഴുമണിക്കുള്ള ദിവ്യബലിക്കു ശേഷം ദേവാലയത്തിൽ സംഘടിപ്പിച്ചു. ട്രസ്റ്റി ജോസ് നീരാക്കൽ, സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ജോസ് മഞ്ഞില, മുൻ ട്രസ്റ്റി മാർട്ടിൻ കണ്ടത്തിൽ, മദർ സുപ്പീരിയർ സി. റോസിലി SABS എന്നിവർ സംസാരിച്ചു. വികാരിയച്ചൻ ഇടവക ദേവാലയത്തിൽ നല്കിയ സഹകരണത്തിന് നന്ദി പറഞ്ഞു. തുടർന്ന് വികാരിയച്ചൻ ആശീർവാദവും നല്കി. ഇടവകയിൽ സേവനത്തിനായി എത്തിചേർന്ന ഫാ. ആന്റണി മടത്തുംപടിക്കും പ്രാർത്ഥനാശംസകൾ.

നമ്മുടെ ദേവാലയത്തിൽ അസി. വികാരിയായി രണ്ടു വർഷം സേവനം അനുഷ്ഠിച്ച ഫാ. ജോസഫ് തെക്കിനേടത്ത് പള്ളിപ്പുറം സെ: മേരീസ് ഫൊറോന ദേവാലയത്തിലേക്ക് സ്ഥലം മാറുകയാണ്. സഹദായുടെ ചീഫ് എഡിറ്റർ, അസി. വികാരി എന്നീ നിലകളിൽ നല്കിയ സേവനങ്ങൾക്ക് നന്ദി പറയുന്നു. ഇടവക ശുശ്രൂഷക്ക് പുതുതായി എത്തിചേർന്ന അസി. വികാരി ഫാ. ജോൺ ജോസഫ് തൈപ്പറമ്പിലിന് പ്രാർത്ഥനാശംസകൾ.

## വി. യൗസേപ്പിതാവിന്റെ തിരുനാൾ

മാർച്ച് മാസം 19 ന് രാവിലെ 10:30 ന് ആഘോഷമായ ദിവ്യബലിയും പ്രസംഗവും ഉണ്ടായിരുന്നു. കോവിഡ് വ്യാപന സാദ്ധ്യത മുൻ നിർത്തി ഊട്ടു നേർച്ച ഒഴിവാക്കിയിരുന്നു.

## ഇടവക തിരുനാൾ

ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ ആഘോഷിക്കാൻ തീരുമാനിച്ചു. ഏപ്രിൽ 25-ന് കൊടിയേറി മെയ് 3,4 തീയതികളിൽ തിരുനാളും മെയ് 10,11 തിയതികളിൽ എട്ടാമിടവുമായി പതിവു പോലെ ആഘോഷിക്കാനാണ് തീരുമാനം. കോവിഡ് നിയന്ത്രണങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കും തിരുനാൾ ആഘോഷിക്കുക. വിവിധ കമ്മറ്റികൾ രൂപവത്കരിച്ച് തിരുനാളിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

# വിമെൻ വെൽഫയർ സർവ്വീസസ്

34 -ാ മത് വാർഷികം മാർച്ച് 6 -ാം തിയതി മിനി പാരിഷ് ഹാളിൽ വികാരിയച്ചന്റെ നേതൃത്തിൽ കൂടുകയുണ്ടായി. പ്രസിഡന്റ് തങ്കമ്മ അഗസ്റ്റിൻ സ്വാഗതവും സെക്രട്ടറി ബെറ്റി പോൾ നന്ദിയും പറഞ്ഞു. ബെറ്റി പോൾ വാർഷിക റിപ്പോർട്ടും മേരി ജോയി വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ച് പാസ്സാക്കി. വനിതാ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സമൂഹ നിർമ്മിതിയിൽ വനിതകളുടെ പങ്കിനെ കുറിച്ചും വികാരിയച്ചൻ സംസാരിച്ചു. സമൂഹത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾ ഇന്ന് വ്യക്തിമുദ്രപതിപ്പിച്ചിട്ടിണ്ട്. സമൂഹ വികാസത്തിന്റെ സൂചനയാണ് ഇത് പ്രകടമാക്കുന്നത്. ആനിമേറ്റർ സി. അൻസ നോമ്പുകാല പരിശുദ്ധിയെക്കുറിച്ചും അതിന്റെ കർമ്മ മണ്ഡലവും വ്യക്തമാക്കി. ഏറ്റവും ഇഷ്ടമായത് പരിത്യജിക്കുക. ലളിത ജീവിതവും പ്രാർത്ഥനയും പരിത്യാഗ ജീവിതവും നോമ്പ് കാലത്ത് അനുഷ്ഠിക്കണമെന്ന് നിർദ്ദേശിച്ചു. വികാരി അച്ചൻ യാത്രയയപ്പ് നൽകി. സി. അൻസ, ജാൻസി, റോസിലി, റാണി തുടങ്ങിയവർ ചേർന്ന് യാത്രാമംഗള ഗീതം ആലപിച്ചു. തങ്കമ്മ അഗസ്റ്റിൻ, സി: അൻസാ എന്നിവർ വികാരിയച്ചനെ പ്രകീർത്തിച്ചു സംസാരിച്ചു. സങ്കീർത്തന വിജയികളായ ആനി തോമസ്, മേരി ലോനപ്പൻ എന്നിവർക്ക് വികാരിയച്ചൻ സമ്മാനദാനം നിർവഹിച്ചു. വികാരിയച്ചന് ഉപഹാരവും സമർപ്പിച്ചു. അച്ചന്റെ ആശീർവാദത്തോടെ യോഗം അവസാനിച്ചു.

# യൂദിത്ത് ഫോറം

യൂദിത്ത് ഫോറത്തിന്റെ ഓൺലൈൻ വഴിയുള്ള ആദ്യയോഗം 2021 ജനുവരി 31ന് ആനിമേറ്റർ സി. ദീപ്തിയുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. നോമ്പുകാലം ഉപവാസവും, ബൈബിൾ വായനയും വഴി നമ്മൾ പ്രാർത്ഥനാചൈതന്യമുള്ളവരാകണമെന്ന് സിസ്റ്റർ ഓർമ്മപ്പെടുത്തി. പ്രസ്തുത മീറ്റിംഗിൽ നമ്മുടെ പള്ളിയിൽ നിന്നും നടത്തിയ ഓൺലൈൻ ജോർജിയൻ ക്വിസിൽ ഒരു സമ്മാനവും, എറണാകുളം വിമല പ്രൊവിൻസ് നടത്തിയ ബൈബിൾ ക്വിസിൽ മെഗാ ഫൈനൽ വരെയെത്തി ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നേടിയ ഗ്രേസി കുര്യാക്കോസിനേയും അതിരൂപതാതലത്തിൽ 23-ാം സങ്കീർത്തന മത്സരത്തിൽ പങ്കെടുത്ത് നല്ലൊരു വിജയം കരസ്ഥമാക്കിയ മേരി ലോനപ്പനേയും അഭിനന്ദിക്കുകയുണ്ടായി.

2021 മാർച്ച് 7-ാം തിയതി ഞായറാഴ്ച രാവിലെ വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലത്തിന്റെ അധ്യക്ഷതയിൽ മിനി പാരീഷ് ഹാളിൽ യോഗം കൂടുകയുണ്ടായി. ബഹു. വികാരിയച്ചന്റെ യാത്രയയപ്പ് സമ്മേളനം കൂടിയായിരുന്നു പ്രസ്തുത യോഗം. ആനിമേറ്റർ സി. ദീപ്തി എല്ലാവരേയും സ്വാഗതം ചെയ്തു.

കോർഡിനേറ്റർ വത്സ ജോസിന്റെ റിപ്പോർട്ട് വായനയ്ക്കുശേഷം കൂട്ടായ്മയിലെ സ്റ്റെല്ലാ ജോണും, ഗ്രേസി കുര്യാക്കോസും, ബഹു. വികാരിയച്ചന് ആശംസകൾ അർപ്പിച്ചു. അച്ചൻ ഇടവകയിൽ ചെയ്ത നന്മപ്രവൃത്തികളെക്കുറിച്ചും, ഓരോ കൂട്ടായ്മയേയും ആത്മീയതയിൽ വളർത്തിയതിനെക്കുറിച്ചും ആശംസകളിൽ പറയുകയുണ്ടായി. കൂട്ടായ്മയുടെ പേരിൽ അച്ചന് ഒരു സ്നേഹോപഹാരം നൽകുകയുണ്ടായി. സെക്രട്ടറി സൂസൻ സണ്ണി കൃതജ്ഞത അർപ്പിച്ചു. യൂദിത്ത് ഫോറം കൂട്ടായ്മയുടെ വളർച്ചയ്ക്കും കൂട്ടായ്മ അംഗങ്ങളുടെ ആത്മീയ ഉന്നമനത്തിനുമായി ബഹു. അച്ചൻ നല്ലൊരു സന്ദേശം നൽകുകയും ഞങ്ങളെ ആശീർവദിക്കുകയും ചെയ്തു.

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

കോവിഡ് 19-ന്റെ തീവ്രവ്യാപനം കുറഞ്ഞതിനാൽ പള്ളികൾ തുറന്ന് വിശുദ്ധ ബലി ആരംഭിച്ചതോടെ വിശ്വാസികൾ പള്ളികളിലേക്ക് എത്തിത്തുടങ്ങി. ഓൺലൈനിൽ കൂടിയിരുന്ന പ്രാർത്ഥനാ മീറ്റിംഗ്കൾ പഴയതുപോലെ ആൾക്കാർ ഒന്നിച്ചുകൂടി പ്രാർത്ഥിക്കാൻ ആരംഭിച്ചു. എറണാകുളം സോണിന്റെ കീഴിലുള്ള 12 സബ്സോണുകളിലും ലൈഫ് ഇൻ സ്പിരിറ്റ് സെമിനാറിന്റെ പരിശീലനം നടക്കുന്നു. KCCRSTയുടെ എറണാകുളം സോൺ സന്ദർശനം എമ്മാവൂസിൽ വെച്ച് മാർച്ച് 5-ാം തീയതി നടക്കുകയുണ്ടായി. എല്ലാ സബ് സോണിൽ നിന്നും പ്രാതിനിത്യം ഉണ്ടായി. 75-ഓളം പേർ പങ്കെടുത്തു. നവീകരണ മുന്നേറ്റത്തിന്റെ യൂത്ത് വിംഗ് ആയ YU4Cയുടെ കൂട്ടായ്മകളും ഓൺലൈൻ ധ്യാനവും നടത്തി. സെൻട്രൽ ക്രിസ്റ്റ്യൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്കായി ക്രിസ്റ്റിൻ ധ്യാനവും കൗൺസലിംങും നടത്തുകയുണ്ടായി. 10,12 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി പരീക്ഷ ഒരുക്കധ്യാനം ഫെബ്രുവരി 26,27,28 തീയതികളിൽ നടത്തി.

ആറ് വർഷത്തോളം കാലം നമ്മുടെ ഇടവകയെ ആത്മീയമായ വളർത്തിയ നമ്മുടെ ബഹു. കുര്യാക്കോസ് ഇരവിമംഗലം അച്ചൻ സ്ഥലം മാറിപോവുന്നത് പ്രമാണിച്ച് ഇടപ്പള്ളി ഇടവകയുടെ കീഴിലുള്ള മൂന്ന് പ്രയർ ഗ്രൂപ്പംഗങ്ങളും ഒന്നിച്ച് മാർച്ച് 9-ാം തീയതി ഒരു യാത്രയയപ്പ് നൽകുകയുണ്ടായി. മീറ്റിംഗിൽ എല്ലാ അംഗങ്ങളും പങ്കെടുക്കുകയുണ്ടായി. കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകളെ വളരെയധികം പ്രോത്സാഹിപ്പിച്ച അച്ചൻ, കുടുംബങ്ങളെയും യുവാക്കളെയും കുഞ്ഞുങ്ങളെയും എല്ലാം ഒന്നിച്ചുകൂട്ടുവാനും ആത്മീയമായി വളർത്താനും തീവ്രപരിശ്രമം നടത്തി. ഭവന സന്ദർശനം നടത്തിയും ഫാമിലി യൂണിറ്റ് മീറ്റിംഗുകളിൽ സംബന്ധിച്ചും അച്ചൻ സ്തുത്യർഹമായ സേവനമാണ് ഇടവകയ്ക്ക് നൽകിയത്. പ്രയർ ഗ്രൂപ്പ് അംഗങ്ങൾ അച്ചന് എല്ലാത്തിനും നന്ദിപറഞ്ഞു പ്രാർത്ഥനയും വാഗ്ദാനം ചെയ്ത് പിരിഞ്ഞു.

# വിശ്വാസപരിശീലന വാർത്തകൾ

- 2021 ജനുവരി 10, 17, 24 തീയതികളിൽ യഥാക്രമം 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി 8.45-ന്റെ വി. കുർബാനയ്ക്കുശേഷം പള്ളിയിൽ വച്ച് പരീക്ഷ ഒരുക്ക ക്ലാസുകൾ നടത്തുകയും ചെയ്തു.
- 2020 ജനുവരി 31-ാം തീയതി ഞായറാഴ്ച 10, 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷകൾ നടത്തി.
- ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച 8.45 ന്റെ വി. കുർബാനയോടനുബന്ധിച്ച് 12-ാം ക്ലാസിൽ വിശ്വാസ പരിശീലനം പൂർത്തിയാക്കിയ 42 കുട്ടികളുടെ വിശ്വാസപ്രഖ്യാപന ശുശ്രൂഷ നടത്തി. വി. കാർലൊ അക്യുറ്റസിന്റെ ജീവചരിത്രം അവർക്ക് സമ്മാനമായി നല്കി.
- ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച 11.30ന് വിശ്വാസപരിശീലകർ ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് കഴിഞ്ഞ ഒരു വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഓൺലൈൻ ക്ലാസുകളിലൂടെ കുട്ടികൾക്ക് പരിശീലനം നല്കിയ അധ്യാപകരെ അഭിനന്ദിക്കുകയും ചെയ്തു.
- ഫെബ്രുവരി 28-ാം തീയതി ഞായറാഴ്ച 4 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ നടത്തി.

അന്ന് 3.30 - 4.30 വരെ തെക്കേപ്പള്ളിയിൽവച്ച് 10 - ാം ക്ലാസ്സിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്കായി പ്രത്യേക ആരാധന നടത്തി.

- മാർച്ച് 8 - ാം തീയതി ഞായറാഴ്ച 10.15 ന്റെ വിശുദ്ധ ബലിയോടനുബന്ധിച്ച് 6 വർഷത്തോളം നമ്മുടെ ഇടവകയുടെ വികാരിയായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച് കുറ്റിപ്പുഴ പള്ളിയിലേക്ക് സ്ഥലം മാറി പോയ ബ. കുര്യാക്കോസ് ഇരവിമംഗലം അച്ചന് യാത്രയയപ്പ് നല്കി. 11 - ാം ക്ലാസ് വിദ്യാർത്ഥിനി ചിറ്റൂപ്പറമ്പിൽ ഉണ്ണി സിയോണ അച്ചന് നന്ദിയും ആശംസയും അർപ്പിച്ച് സംസാരിച്ചു.

  അതിനുശേഷം 8 - 12 വരെ ക്ലാസ്സുകളിൽ ഒന്നും രണ്ടും സ്ഥാനം നേടിയ കുട്ടികൾക്കും ഫുൾ അറ്റൻഡൻസ് നേടിയ കുട്ടികൾക്കും സമ്മാനങ്ങളും A+ നേടിയ ചിറ്റൂപ്പറമ്പിൽ ഉണ്ണി സിയോണയ്ക്കും കൊട്ടാരത്തിൽ തോമസ് മരിയ റോസിനും ക്യാഷ് അവാർഡും നല്കി ആദരിച്ചു.

  അന്ന്. 11.30 ന് വിശ്വാസ പരിശീലന അദ്ധ്യാപകർ സമ്മേളിച്ച് ബ. കുര്യാക്കോസ് അച്ചന് യാത്രയയപ്പ് നല്കി. കുട്ടികളുടെ പരിശീലനത്തിൽ ഏറ്റവും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ബ. അച്ചനിലൂടെ നമ്മുടെ കുട്ടികൾക്കും ഇടവകയ്ക്കും ഉണ്ടായ വലിയ വളർച്ചയെ അദ്ധ്യാപകർ നന്ദിയോടെ അനുസ്മരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

- മാർച്ച് 8 - ാം തീയതി 3.30ന് നമ്മുടെ മിനി പാരീഷ്ഹോളിൽ വച്ച് ഫൊറോനതലത്തിൽ ബ. കുര്യാക്കോസ് ഇരവിമംഗലം അച്ചന് യാത്രയയപ്പ് നല്കുകയും 2019 - 20 വർഷത്തിൽ A+ കരസ്ഥമാക്കിയ കുട്ടികൾക്ക് അവാർഡുകൾ നല്കുകയും ചെയ്തു. ആ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ബ. പീറ്റർ കണ്ണമ്പുഴ അച്ചൻ അദ്ധ്യക്ഷം വഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

- മാർച്ച് 22 - ാം തീയതി ഞായറാഴ്ച 10.15 ന്റെ വിശുദ്ധ കുർബാനയോടനുബന്ധിച്ച് നമ്മുടെ പുതിയ വികാരി യായി എത്തിയ ബ. ആന്റണി മടത്തുംപടിയച്ചന് വിശ്വാസ പരിശീലന വിഭാഗത്തിന്റെ പേരിൽ സ്വാഗതം അർപ്പിക്കുകയും വി. യൗസേപ്പിതാവിന്റെ നാമധാരികളായ ബ. സാൻജോ കണ്ണമ്പിള്ളി അച്ചനും ഡീക്കൻ റ്റിബിൻ പഴേപറമ്പിലിനും നാമഹേതുക തിരുനാളിന്റെ ആശംസകൾ അർപ്പിക്കുകയും ചെയ്തു. 6 - ാം ക്ലാസ് വിദ്യാർത്ഥി ആലക്കളത്തിൽ പ്രദീപ് അലക്സ് ഇവർക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു.

  തുടർന്ന് 4 - 7 വരെ ക്ലാസുകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്കും ഫുൾ അറ്റൻഡൻസ് നേടിയ കുട്ടികൾക്കും 10, 12 ക്ലാസുകളിൽ A ഗ്രേഡ് നേടിയ കുട്ടികൾക്കും സമ്മാനങ്ങൾ നല്കി.

  11.30ന് അദ്ധ്യാപകർ ഒരുമിച്ചു ചേർന്ന് പുതിയ വികാരിയച്ചന് ആശംസകൾ നേരുകയും വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

## വി. യൗസേപ്പിതാവിന്റെ വർഷം പ്രമാണിച്ച് ഓരോ മാസത്തിലും അനുസ്മരിക്കുന്ന പ്രത്യേക ഗുണവിശേഷങ്ങൾ



| | | |
|---|---|---|
| ഏപ്രിൽ | : | തിരുസഭയുടെ പാലകൻ |
| മെയ് | : | തൊഴിലാളികളുടെ മദ്ധ്യസ്ഥൻ |
| ജൂൺ | : | കന്യാവ്രതക്കാരുടെ കാവൽക്കാരൻ |



# ഞങ്ങൾ വരവായി....

| നം | വീട്ടുപേര് | മാതാപിതാക്കൾ | കുട്ടിയുടെ പേര് | ജനനം | മാമോദീസ |
|---|---|---|---|---|---|
| 1 | തായങ്കേരി | ഷിജോ - ജിസ്ന | ഫ്രാൻസീസ് | 21.10.2020 | 03.01.2021 |
| 2 | ചിങ്ങന്തറ | ട്യൂണി - ദീപിക | അന്ന (പ്രാണ ട്യൂണി ജോൺ) | 13.05.2020 | 05.01.2021 |
| 3 | നേരേവീട്ടിൽ | പോൾ (സാനു) - എലിസബത്ത് മരിയ (പ്രിൻസി) | ആരവ് ഫ്രാൻസിസ് | 12.10.2020 | 17.01.2021 |
| 4 | കൊച്ചുതറ വെളിയിൽ | മനു - അഭിയ | ചെറുപുഷ്പം (അമീലിയ) | 21.09.2020 | 18.01.2021 |
| 5 | ഇലവുങ്കൽ | ജോവിൻ - ദിവ്യ | ക്യാതറിൻ | 04.09.2020 | 30.01.2021 |
| 6 | കല്ലറക്കൽ | കിരൺ - ക്രിസ്റ്റി | മരിയ സാറ എലിസബത്ത് | 14.11.2020 | 06.02.2021 |
| 7 | ചിറയിൽ | ഡെൽസൺ - ബ്രൈറ്റ് | ലൂക്ക (ലിയാൻ ആദം) | 19.11.2020 | 07.02.2021 |
| 8 | തോട്ടാപ്പിള്ളി | ജിജോ - ജെൻസി | വിരോണിക്ക (ഗ്ലോറിയ) | 23.10.2020 | 07.02.2021 |
| 9 | തളിയത്ത് | ലിജു - ടെൽന | റോക്കി (നതാൻലിവ് റോക്കി) | 22.11.2020 | 07.02.2021 |
| 10. | വടക്കയിൽ | തോമസ് മാത്യു - റിയ | ജോസ് (ഡിയോൺ ജോസ് തോമസ്) | 31.03.2020 | 08.02.2021 |
| 11. | പാണാട് | എബിൻ - ലീന | എലിസബത്ത് (ക്യാതലിൻ റോസ് എബിൻ) | 13.10.2020 | 09.02.2021 |

# പിതാവിന്റെ പക്കലേക്ക്

| | വീട്ടുപേര് | പേര് | മരണം |
|---|---|---|---|
| 1 | കച്ചിറമറ്റം | സണ്ണി കുര്യാക്കോസ് | 10.01.2021 |
| 2 | നെടുവേലിപറമ്പ് | ജെയിംസ് ഫ്രാൻസിസ് | 11.01.2021 |
| 3 | നടുവിലേവീട്ടിൽ | മത്തായി (ജോണി) | 16.01.2021 |
| 4 | പാണാട്ട് | സെലിൻ ഉറുമിസ് | 22.01.2021 |
| 5 | പള്ളിപ്പറമ്പിൽ | പൗലോസ് ജോസ് | 25.01.2021 |
| 6 | കുടുക്കച്ചിറ | ജോസഫ് മാത്യു | 01.02.2021 |
| 7 | കളപ്പുരയ്ക്കൽ | എൽസി ജോർജ്ജ് | 01.02.2021 |
| 8 | കാഞ്ഞാനപ്പിള്ളി | മാത്തച്ചൻ ജോസഫ് | 03.02.2021 |
| 9 | കാട്ടിത്തറ | ജേക്കബ് തോമസ് | 10.02.2021 |
| 10 | പാലത്തിങ്കൽ | ചെറുപുഷ്പം വർഗീസ് | 17.02.2021 |
| 11 | കറുകപ്പിള്ളി | ത്രേസ്യാ ജോസഫ് | 02.03.2021 |
| 12 | പാണ്ടിശ്ശേരിൽ | സൂസന്ന മാത്തൻ | 05.03.2021 |
| 13. | തോലത്ത് (കുറുമ്പിലായി) | തോമസ് ജോൺ (ലീജി) | 06.03.2021 |



# 2020 ജനുവരി – സെപ്റ്റംബർ

| | | | |
|---|---|---|---|
| 14 | മാളിയേക്കൽ | ആലീസ് സേവ്യർ | 04.01.2020 |
| 15 | ചാലയ്ക്കൽ | ത്രേസ്യാ ദേവസി | 07.01.2020 |
| 16 | പാണാട്ട് | മേരി പാപ്പു | 27.01.2020 |
| 17 | പുളിക്കാശ്ശേരി | ത്രേസ്യാമ്മ ജോൺ | 13.02.2020 |
| 18 | മാളിയേക്കൽ | അന്നക്കുട്ടി ജോസഫ് | 19.02.2020 |
| 19 | മലമേൽ | ത്രേസ്യാമ്മ എബ്രാഹം | 21..02.2020 |
| 20 | നടുവിലപറമ്പിൽ | ജോർജ് | 04.03.2020 |
| 20 | റവ. സി. സെബാസ്റ്റ്യൻ SABS | | 18.03.3030 |
| 21 | ചിറയ്ക്കൽ | ആന്റണി (മാണിക്യം) | 25.03.3030 |
| 22 | മഞ്ഞളി | ജോസഫ് | 04.04.2020 |
| 23 | പുതുശ്ശേരി | ആൽബി | 13.05.2020 |
| 24 | നേരേവീട്ടിൽ | പൈലി | 01.06.2020 |
| 25 | നേരിയേക്കൽ | ചിന്നമ്മ സേവ്യർ | 08.06.2020 |
| 26 | പീലിയാനിക്കൽ | അന്ന ചാക്കോ | 17.04.2020 |
| 27 | കണ്ണമ്പുഴ | ആനി ജോസഫ് | 05.05.2020 |
| 28 | എരിഞ്ഞേരി | ദേവസി | 01.06.2020 |
| 29 | നേരേവീട്ടിൽ | ചാക്കോ | 30.03.2020 |
| 30 | നേരേവീട്ടിൽ | ദേവസി (തമ്പി) | 24.04.2020 |
| 31 | എട്ടുപറയിൽ | തോമസ് | 17.04.2020 |
| 32 | വാത്തികുളം | ത്രേസ്യാമ്മ | 14.04.2020 |
| 33 | കഞ്ഞേലിപറമ്പിൽ | ത്രേസ്യാ | 01.05.2020 |
| 34 | റവ. സി. ജനറോസ് SABS | | 13.06.2020 |
| 35 | ആലുങ്കൽ നേരേവീട്ടിൽ | പൈലി | 20.06.2020 |
| 36 | ആലപ്പാട്ട് | ഫ്രാൻസീസ് | 18.07.2020 |
| 38 | പള്ളശ്ശേരി | മാർട്ടിൻ | 06.08.2020 |
| 37 | ചിറയത്ത് മഞ്ഞില | സെലിൻ | 11.08.2020 |
| 38 | പാലമറ്റം | മേരി | 12.08.2020 |
| 39 | കോയിക്കര | അഗസ്റ്റിൻ | 28.08.2020 |
| 40 | പാലക്കാപ്പിള്ളി | ജോസഫ് | 08.09.2020 |
| 41 | പാലത്തിങ്കൽ | വർഗീസ് | 08.09.2020 |
| 42 | പള്ളിപ്പാടൻ | സെലിൻ | 30.09.2020 |

* കോവിഡിന്റെ പശ്ചാത്തലത്തിൽ സഹദാ ബുള്ളറ്റിൻ ഇറക്കാൻ സാധിക്കാത്തതിനാൽ നമ്മുടെ ഇടവകയിൽ നിന്ന് ആ കാലഘട്ടത്തിൽ മരിച്ചുപോയവരുടെ പേരുകളാണ്



# ഞങ്ങൾ ഒന്നായി....

| | | | |
|---|---|---|---|
| 1. | 02.01.2021 | മലമേൽ ജെയ്ൻ - ലിൻസി മകൻ | ജോർജ്ജ് (ജോജു) |
| | | കടവന്ത്ര, സെന്റ് ജോസ്ഫ് പ. ഇ. ഇടപ്പള്ളി മണ്ണിൽ വില്ലോത്ത് ജോർജ്ജ് - സലോമി മകൾ | ഏയ്ഞ്ചല (അലൈന) |
| 2. | 02.01.2021 | വലിയവീട്ടിൽ തോമസ് - അന്നം(ആനി) മകൻ | സിറിൾ |
| | | വെട്ടിമുക്കൻ, സെന്റ് മേരീസ് പ. ഇ. പനച്ചിക്കാലയിൽ ജോർജ്ജ് ചെറിയാൻ - ലൈസമ്മ മകൾ | തെരേസ (ചെൽസിയ) |
| 3. | 14.01.2021 | മാമ്പിള്ളി വർഗീസ് - റാണി മകൻ | ആന്റണി |
| | | ആമ്പല്ലൂർ, സെന്റ് ഫ്രാൻസിസ് അസ്സീസി പ. ഇ. പുതുമന മാത്യു - സൂസൺ മകൾ | അന്നം (ശ്രുതി) |
| 4. | 30.01.2021 | മകരപ്പിള്ളി പോളി - സുനിത മകൾ | റോകി (മേഘ) |
| | | നെടിയവിള ആനന്ദൻ - സുകുമാരി മകൻ | ശ്രീജിത്ത് |
| 5. | 11.02.2021 | ജീരകത്തിൽ ആന്റണി (കുഞ്ഞുമോൻ) - സിസി മകൻ | ജോസഫ് (നവീൻ) |
| | | കുമളി, സെന്റ് തോമസ് പ. ഇ. കിഴക്കേത്തലയ്ക്കൽ റോബിൻ ജോൺ - ലൈജ മകൾ | മേരി (പ്രിയമേരി) |
| 6. | 13.02.2021 | കണ്ണമ്പുഴ വർഗീസ് - ഉഷ മകൻ | മാത്യു (ജോർജ്ജ്) |
| | | ആളൂർ, സെന്റ് ജോസഫ് പ.ഇ. മാടവന ജോസ് - റെനി മകൾ | ഏല്ല്യാ (ജെസ്‌ലിൻ) |
| 7. | 03.01.2021 | ബ്രഹ്മകുളത്ത് തോമസ്(ടോമി) - മേഴ്സി ബില മകൾ | മാർഗരറ്റ് (അമലു) |
| | | മുടിക്കൽ, എസ്. എച്ച്. പ. ഇ. ഡിക്സൺ ഗിൽബർട് - മേരി മകൻ | ആൻഡ്രു വാട്ടസൺ |
| 8. | 17.01.2021 | കണ്ണമ്പുഴ ജോസഫ് - അനിത മകൾ | റോസ്‌മേരി (സ്നേഹ) |
| | | കല്പറമ്പ്, പാലമറ്റം പോൾസൺ -ബേബി മകൻ | ആന്റണി (അനിൽ) |
| 9. | 31.01.2021 | പഴുവക്കളം റോണി സിബി ജേക്കബ് - സിൻസി മകൾ | അന്ന (അനീറ്റ) |
| | | പുത്തൻപള്ളി, സെന്റ് ജോർജ്ജ് പ. ഇ. ചക്യത്ത് തോമസ് - കൊച്ചുത്രേസ്യാ മകൻ | ദേവസി (ബോണി) |
| 11. | 08.02.2021 | വള്ളോംകുന്നേൽ സിറിയക് - മെയ്മോൾ മകൾ | ജിജി |
| | | കൂടല്ലൂർ പ. ഇ. ഇളമ്പാശ്ശേരിൽ ചെറിയാൻ - റെജീന മകൻ | ജിനോ |
| 10. | 09.02.2021 | വല്ലേടത്ത് ജൂഡ് തദേവൂസ് - ഏലീശ്വ മകൾ | ത്രേസ്യാ (ആഷ്‌ലി) |
| | | പെരുമ്പടപ്പ്, സാന്റ മരിയ പ. ഇ. കളത്തിവീട്ടിൽ ജോസഫ് - മോളി മകൻ | റോമിൻ |

# വാർത്താവിശേഷങ്ങൾ

**ജോസഫ് കരോട്ടത്തയ്യിൽ**, സെന്റ് മദർ തെരേസ യൂണിറ്റ്

## ഫ്രാൻസിസ് പാപ്പായുടെ ഇറാക്ക് സന്ദർശനം

പോപ്പ് ഫ്രാൻസിസ് ഇറാക്ക് സന്ദർശിക്കുന്ന ആദ്യത്തെ മാർപാപ്പ - 2021 മാർച്ച് 5-8 തീയതികളിൽ അദ്ദേഹം ഇറാക്ക് സന്ദർശിച്ചു. മനുഷ്യസഹോദര്യത്തിന്റേയും സഹിഷ്ണതയുടേയും സഹവർത്തിത്തത്തിന്റേയും അടയാളമായി ഈ സന്ദർശനം വിലയിരുത്തപ്പെടുന്നു.

## ജോ ബൈഡൻ അമേരിക്കൻ പ്രസിഡന്റ്

കത്തോലിക്കാ വിശ്വാസിയായ രണ്ടാമത്തെ അമേരിക്കൻ പ്രസിഡന്റാണ് ജോ ബൈഡൻ, ബൈഡന്റെ ക്യാബിനറ്റിൽ ഒൻപതുപേർ കത്തോലിക്കരാണ്.

കത്തോലിക്കാ വിശ്വാസികളും ഉറച്ച ദൈവഭക്തിയുടെ ഉടമയാണെങ്കിലും അദ്ദേഹം ഡെമോക്രാറ്റിക് പാർട്ടിയുടെ ഭ്രൂണഹത്യ, ജെൻഡർ ഐഡിന്റിറ്റി, സ്വവർഗ്ഗവിവാഹം എന്നിവയെപ്പറ്റിയുള്ള നയങ്ങളാണ് പിന്തുടരുന്നത്.

സൗഹാർദതയോടെ എതിർപ്പ് പ്രകടിപ്പിക്കുക എന്നതാണ് പലരും എടുക്കുന്ന മനോഭാവം. ജി. കെ. ചെസ്റ്റർട്ടൺ ഏറ്റവും വലിയ കത്തോലിക്കാ ദൈവശാസ്ത്രജ്ഞനായ സെന്റ് തോമസ് അക്വിനാസിനേക്കുറിച്ച് പറഞ്ഞ വാക്കുകൾ പലരുടേയും ബൈഡനേക്കുറിച്ചുള്ള സമീപനത്തിന് പ്രചോദനം കൊടുക്കുന്നു: ബഹുമാനത്തോടുകൂടി അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുന്നു.

## മ്യാൻമാർ – സിസ്റ്റർ ആൻ റോസ് നു തവങ്ങ്

മ്യാൻമാറിലെ മ്യത്ക്യാനയിൽ പട്ടാളഭരണകൂടത്തിനെതിരെ പ്രതിഷേധിച്ചവർക്കു നേരെ വെടിയുതിർക്കുന്നത് അവസാനിപ്പിക്കാൻ പോലീസിനോട് മുട്ടുകുത്തി നിന്നു യാചിക്കുന്ന സിസ്റ്റർ ആൻ റോസ് നു തവങ്ങ്.

## കോവിഡ് വാർത്തകൾ/വിശേഷങ്ങൾ

## മാറ്റങ്ങളുടെ അനിവാര്യത

സെപ്തംബർ 1-ന് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ഇപ്രകാരം പറഞ്ഞു. "The Pandemic has given as a chance to develop new ways of living" ഈ കാലഘട്ടത്തെ തന്നെ ബി. സി. (Before Covid) എ. സി. (After Covid) എന്ന് പലരും നിർവചിച്ചു തുടങ്ങി. ജീവിതരീതിയുടെ മാറ്റം ഇന്നും എവിടെയും അലയടിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികവും ആരോഗ്യപരവും സാമൂഹ്യപരവും സഭാത്മകവുമായ തലങ്ങളിൽ അത് പ്രകടമാണ്.

ഗാർഹിക സഭയായ കുടുംബംഗങ്ങളിൽ നിന്നാണ് ഇനി പുനർനിർമ്മാണം ആരംഭിക്കേണ്ടത്. മാതാപിതാക്കളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസമാണ് എല്ലാറ്റിന്റേയും അടിസ്ഥാനം. എന്നാൽ ഈ കൈമാറ്റം ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്നുള്ളത് നമ്മെ ഭയപ്പെടുത്തുന്നു. പ്രതിസന്ധികൾക്കിടയിലും വിശ്വാസത്തിൽ ജീവിക്കുവാൻ ഇന്നത്തെ തലമുറ പരിശീലിക്കപ്പെട്ടിട്ടുണ്ടോ, അല്ലെങ്കിൽ അതിനുത്തരവാദപ്പെട്ടവർ അതു നിർവഹിക്കുന്നുണ്ടോ എന്നുള്ളത് കൂടുതൽ ഭയം സൃഷ്ടിക്കുന്നു.

## വി. കുർബാനയുടെ സംപ്രേഷണവും ആത്മീയതയും

കോവിഡ് കാലത്ത് ആശയവിനിമയ മാർഗ്ഗങ്ങൾ വഴിയുള്ള വി. കുർബാനയുടെ പ്രക്ഷേപണം, രോഗികൾക്കും പള്ളിയിൽ പോകാൻ കഴിയാത്തവർക്കും സമൂഹമായി പള്ളിയിൽ പോയി ആഘോഷമായി വി. കുർബാനയിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർക്കും മികച്ച സേവനമാണ് കാഴ്ച വച്ചത്. എങ്കിലും അത്തരം വെർച്ച്വർ (virtual) കുർബാനകളെ ഒരു തരത്തിലും വ്യക്തിപരമായ സാന്നിധ്യം വഴി പങ്കെടുക്കുന്ന കുർബാനയോട് താരതമ്യം ചെയ്യുവാനോ വി. കുർബാനക്കു പകരം വയ്ക്കുവാനോ സാധ്യമല്ലായെന്ന് കർദ്ദിനാൾ റോബർട്ട് സാറ ഒപ്പിട്ട ഒരു കത്തിൽ പറയുന്നു. "No broadcast is equivalent to personal participation, or can replace it."

## പുസ്തകവിശേഷങ്ങൾ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന 'ബൈബിൾ പഴഞ്ചൊല്ലുകളും പരിസ്ഥിതിയും' എന്ന ഫാ. ബിന്റോ കിലുക്കനച്ചന്റെ പുസ്തകം പ്രസിദ്ധീകരണത്തിന് തയ്യാറെടുക്കുന്നു.

## കുട്ടികളുടെ ഗൂഗിളച്ചനും

'ഗൂഗിളച്ച'നെ കൂടുതൽ ആശ്രയിക്കുമ്പോൾ വായന അവഗണിക്കപ്പെടുന്നു. മൂല്യങ്ങളിൽ അധിഷ്ഠിതമായ മനസ്സ് രൂപപ്പെടുത്തുന്നതിൽ വായനക്ക് വലിയ പങ്കുണ്ട്. ഫലപ്രദമായ രീതിയിൽ സംവേദിക്കാനും സ്വാധീനിക്കാനും വായനയുള്ളവർക്കേ കഴിയു. വായിച്ചാലേ സമൂഹത്തിന്റെ നന്മക്കു ഉതകുന്ന രീതിയിൽ ചിന്തിക്കാനാകു. ചിന്തകളാണ് പ്രവർത്തനപഥങ്ങൾ രൂപപ്പെടുത്തുന്നത്. അങ്ങനെയാണ് ലോകത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന നേതാക്കന്മാർ ഉണ്ടാകുന്നത്. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ ഈ ലോകം 'ഗൂഗിളന്മാ'രുടെ കളിപ്പാട്ടമായി മാറും. നമ്മുടെ വിവരസാങ്കേതികവിദ്യയുടെ ആധുനിക സംവിധാനത്തോടുകൂടിയ ഗ്രന്ഥശാല എന്ന സ്വപ്നം കാണുവാൻ സമീപഭാവിയിൽ സാധിക്കുമോ?

# DEPARTMENT OF NEUROLOGY



## Dr. Justin Thomas

MBBS, MD, DM General Neurology

**Consultant Neurologist**



**Treatment for various neurological problems**

അകാരണമായുണ്ടാകുന്ന
തലവേദന, മൈഗ്രേൻ
കൈകാൽ തരിപ്പ്, മരവിപ്പ്,
തളർച്ച, വിറയൽ
തലകറക്കം, ബോധക്ഷയം
പാർക്കിൻസൺസ്,
മസ്തിഷ്കാഘാതം
അപസ്മാരം.

**OP: 9.00 AM - 1.00 PM**
**Monday - Saturday**
**For early booking,**
**Contact: 0484 2825777**

# M.A.J. HOSPITAL

A unit of St. George Forane Church

E D A P P A L L Y - K O C H I

Phone: 0484 2825777 www.majhospital.com

From the promoters of
KALYAN JEWELLERS

KALYAN
DEVELOPERS

www.kalyandevelopers.com

# EXPERIENCE BIG JOYS OF LOW RISE APARTMENTS.

Easy access level for elders

Swimming pool

Fitness Center

Tropical Landscape Terrace Garden



credenz
Amrita Signal, Edapally

FOR BOOKING, CALL:
**90728 45555 | 90723 45555**
THRISSUR · TRIVANDRUM · KOTTAYAM · KOCHI · CALICUT